സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

# പീപ്പിൾസ് റിവ്യൂ

Estd : 2007
സത്യാന്ന പ്രമദിതവ്യം
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിനു പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2023 മെയ് 26 വെള്ളി | ptnizar@rediffmail.com 9037319971 | www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ

## പുതിയ പാർലമെന്റ് രാഷ്ട്രപതി ഉദ്ഘാടനം ചെയ്യണമെന്ന ഹർജി സുപ്രീം കോടതി തള്ളി

ന്യൂഡൽഹി: രാഷ്ട്രപതി ദ്രൗപദി മുർമ പുതിയ പാർലമെന്റ് മന്ദിരം ഉദ്ഘാടനം ചെയ്യണമെന്ന് ആവശ്യപ്പെട്ടുള്ള ഹർജി സുപ്രീം കോടതി തള്ളി. ഇന്ന് പരിഗണനയ്ക്ക് എടുത്തപ്പോൾ തന്നെ ഹർജിയിൽ ഇടപടേണ്ട കാര്യമില്ലെന്ന് സുപ്രിം കോടതി വ്യക്തമാക്കിയിരുന്നു. പിന്നാലെ ഹർജിക്കാരനോട് വാദിക്കാൻ കോടതി ആവശ്യപ്പെട്ടു. വാദം തുടങ്ങിയ ഘട്ടത്തിൽ തന്നെ ഭരണഘടനയുടെ അനുഛേദം 79ന് ഉദ്ഘാടനവുമായി എന്ത് ബന്ധമെന്ന് കോടതി ചോദിച്ചു. പിന്നാലെ ഹർജി പിൻവലിച്ചോളാമെന്ന് ഹർജിക്കാരൻ വ്യക്തമാക്കി. ഇതോടെയാണ് ഹർജി തള്ളിയത്. തമിഴ്



നാട്ടിൽ നിന്നുള്ള അഭിഭാഷകനാണ് ഹർജി സമർപ്പിച്ചത്. ഇന്നലെ സമർപ്പിച്ച ഹർജി അടിയന്തരമായി പരിഗണിക്കണമെന്ന ആവശ്യം പരിഗണിച്ചാണ് സുപ്രീം കോടതി ഇന്ന് വാദം കേട്ടത്. ചടങ്ങുകളിലേക്ക് രാഷ്ട്രപതിയെ ക്ഷണിക്കാത്ത് ഭരണഘടന വിരുദ്ധമാണെന്നാണ് ഹർജിക്കാരൻ ആരോപിച്ചത്. പാർലമെന്റ് മന്ദിരം പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്യുന്നതിനെതിരേ പ്രതിപക്ഷ പാർട്ടികൾ പ്രതിഷേധമുയർത്തിയ പശ്ചാത്തലത്തിലാണ് ഹർജി സമർപ്പിച്ചത്. 20 പ്രതിപക്ഷ പാർട്ടികൾ പാർലമെന്റ് ഉദ്ഘാടന ചടങ്ങ് ബഹിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

## പ്ലസ്ടുവിന് 82.95 % വിജയം

തിരുവനന്തപുരം: പ്ലസ് ടു ഫലം പ്രഖ്യാപിച്ച് വിദ്യാഭ്യാസ മന്ത്രി വി.ശിവൻ കുട്ടി. പ്ലസ് ടു പരീക്ഷയിൽ 82.95 ശതമാനം പേർക്കാണ് വിജയം. റെഗുലർ വിഭാഗത്തിൽ 3,76,135 കുട്ടികളാണ് പരീക്ഷ എഴുതിയത്. ഇതിൽ 3,12,005 പേർ ഉന്നത പഠനത്തിന് യോഗ്യത നേടി.ഇത്തവണ വിജയശതമാനം 0.92% കുറഞ്ഞു. സയൻസ് ഗ്രൂപ്പിൽ 87.31% വിജയം നേടി. ഹുമാനിട്ടീസ് 71.93% വും കൊമേഴ്സ് 82.75% വും വിജയം നേടി. സർക്കാർ സ്കൂൾ 79.19% വിജയം സ്വന്തമാക്കി. എയ്ഡഡ് സ്കൂളുകൾ 86.31% വിജയവും അൺ എയ്ഡഡ് സ്കൂളുകൾ 82.70% വിജയവും സ്പെഷ്യൽ സ്കൂളുകൾ 99.32% വിജയവും കരസ്ഥമാക്കി. വിജയശതമാനം ഏറ്റവും കൂടുതൽ എറണാകുളം ജില്ലയിൽ. 87.55 ശതമാനമാണ് വിജയം. ഏറ്റവും കുറവ് പത്തനംതിട്ടയിലാണ്. 76.59 ശതമാനം. 77 സ്കൂളുകളിൽ പരീക്ഷ എഴുതിയ മുഴുവൻ വിദ്യാർഥികളും വിജയിച്ചു. എട്ട് സർക്കാർ സ്കൂളുകളും 25 എയ്ഡഡ് സ്കൂളുകളും 12 സ്പെഷ്യൽ സ്കൂളുകളും നൂറ് ശതമാനം വിജയം നേടി. പുനർ മൂല്യനിർണയത്തിനുള്ള അപേക്ഷ മെയ് 31 ന് ഉള്ളിൽ നൽകണം. സേ പരീക്ഷയ്ക്കുള്ള അപേക്ഷ മെയ് 29നുള്ളിലും നൽകണം. പ്ലസ് വൺ പ്രവേശനത്തിന് ജൂൺ രണ്ട് മുതൽ ഒമ്പത് വരെ അപേക്ഷ നൽകാം. ട്രയല് അലോട്ട്മെന്റ് ജൂൺ 13ന് നടക്കും. ജൂൺ 19ന് ആദ്യ അലോട്ട്മെന്റും ജൂലൈ അഞ്ചിന് ക്ലാസും തുടങ്ങും.



ചുരത്തിൽ കണ്ടെത്തിയ ട്രോളി ബാഗ്

### തിരൂർ സ്വദേശിയായ ഹോട്ടലുടമ സിദ്ദിഖിന്റെ മൃതദേഹം കണ്ടെത്തി

# വെട്ടിനുറുക്കി പെട്ടിയിലാക്കി

## കൊലപ്പെടുത്തിയത് മുൻ ജീവനക്കാരനും പെൺസുഹൃത്തും

മലപ്പുറം: തിരൂരിലെ ഹോട്ടലുടമ സിദ്ദിഖിന്റെ മൃതദേഹാവശിഷ്ടങ്ങൾ കണ്ടെത്തി. അട്ടപ്പാടി ഒമ്പതാം വളവിൽ നിന്ന് രണ്ട് ബാഗുകൾ കണ്ടെത്തിയിരുന്നു. ഇതിലാണ് മൃതദേഹാവശിഷ്ടങ്ങൾ കണ്ടെത്തിയത്. മൃതദേഹത്തിന് ഏഴ് ദിവസത്തെ പഴക്കമുണ്ട്. സിദ്ദിഖിനെ കൊലപ്പെടുത്തി കഷ്ണങ്ങങ്ങളാക്കി അട്ടപ്പടിയിലെ കൊക്കയിലേക്ക് തള്ളിയത് ഇദ്ദേഹത്തിന്റെ ഹോട്ടലിൽ നിന്ന് പുറത്താക്കപ്പെട്ട യുവാവാണെന്നാണ് ലഭിക്കുന്ന വിവരം. മൂന്നാഴ്ച മുമ്പ് ഹോട്ടലിൽ ജോലിക്കെത്തിയ വല്ലപ്പുഴ സ്വദേശി ഷിബിലി (22) യാണ് പെൺസുഹൃത്ത് ഫർഹാന(18)യുടെ സഹായത്തോടെ ക്രൂരകൃത്യം ചെയ്തത്. രണ്ടാഴ്ച മാത്രമാണ് പ്രതി സ്ഥാപനത്തിൽ ജോലിചെയ്തത്. മറ്റുജീവനക്കാർ ഇയാളുടെ സ്വഭാവദൂഷ്യം ചൂണ്ടിക്കാട്ടിയതിനെ തുടർന്ന് ഈമാസം 18ന് പിരിച്ചുവിടുകയായിരുന്നു. അന്നുതന്നെയാണ് സിദ്ദിഖിനെ കാണാതായത്. ഈ ദിവസം എരഞ്ഞിപ്പാലത്തെ




കൊല്ലപ്പെട്ട സിദ്ദിഖ്, കസ്റ്റഡിയിലുള്ള ഷിബിലി, ഫർഹാന

ഹോട്ടലിൽ സിദ്ദിഖും പ്രതികളും രണ്ടുറൂമുകൾ എടുത്തിരുന്നു. ഇവിടെ വച്ചാണ് കൊലപാതകം നടത്തിയതെന്നാണ് കേസന്വേഷിക്കുന്ന മലപ്പുറം പോലിസ് സംശയിക്കുന്നത്. ഇതിനുപിന്നാലെ സിദ്ദിഖിന്റെ അക്കൗണ്ടിൽ നിന്ന് എ.ടി.എം ഉപയോഗിച്ചും ഗൂഗിൾ പേ വഴിയും രണ്ട് ലക്ഷത്തോളം രൂപ പ്രതികൾ പിൻവലിച്ചിരുന്നു.

സിദ്ദിഖിനെ കാണാനില്ലെന്ന മകന്റെ പരാതിയിൽ നടത്തിയ അന്വേഷണമാണ് ഞെട്ടിപ്പിക്കുന്ന കൊലപാതകത്തിലേക്ക് എത്തിയിരിക്കുന്നത്. ഫർഹാനയുടെ സുഹൃത്ത് ആഷിഖ് നൽകിയ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് ട്രോളിബാഗുകൾ കണ്ടെതതിയത്. ഇയാളുടെ സാന്നിധ്യത്തിലാണ് കൊലപാതകം നടന്നതെന്നാണ് ലഭിക്കുന്ന വിവരം.

എ.ടി.എം ഇടപാട് നടത്തിയതും സിദ്ദിഖിന്റെ മൊബൈൽ ഫോണും കേന്ദ്രീകരിച്ചുള്ള അന്വേഷണത്തിനൊടുവിൽ ഷിബിലിയേയും ഫർഹാനയേയും ചെന്നൈയിൽ വെച്ച് തമിഴ്നാട് പോലിസ് കസ്റ്റഡിയിലെടുത്തു. ഇവരെ ട്രെയിൻ മാർഗം തിരൂരിൽ എത്തിക്കുമെന്ന് പോലിസ് പറഞ്ഞു. സിദ്ദിഖിന്റെ കോഴിക്കോട് ഒളവണ്ണയിലെ ഹോട്ടലിലാണ് ഷിബിലി ജോലി ചെയ്തിരുന്നത്.

## പാവപ്പെട്ടവർക്കും അധികാരമുള്ളവർക്കും രാജ്യത്ത് രണ്ട് നിയമങ്ങൾ, സമരത്തിൽ നിന്ന് പിൻമാറില്ല: ബജ്റംഗ് പുനിയ

ന്യൂഡൽഹി: ഗുസ്തി ഫെഡറേഷന്റെ മുൻ പ്രസിഡന്റും ബി.ജെ.പി എം.പിയുമായ ബ്രിജ് ഭൂഷൺസിങ്ങിനെ ലൈംഗികാരോപണക്കേസിൽ അറസ്റ്റ് ആവശ്യപ്പെട്ട് ഗുസ്തി താരങ്ങൾ 33 ദിവസമായി ജന്തർ മന്തറിൽ സമരം ചെയ്യുകയാണ്.

സമരം ഇത്ര നീണ്ടുപോകുമെന്ന് കരുതിയില്ലെന്നും സർക്കാർ തങ്ങളെ കേൾക്കുമെന്നാണ് കരുതിയിരുന്നത്. ഞങ്ങൾ അന്താരാഷ്ട്ര ഗുസ്തി താരങ്ങളാണ്. ഇത് ഞങ്ങളുടെ കരിയറിനെ പ്രതിസന്ധിയിൽ ആക്കിയിരിക്കുകയാണ്. സർക്കാർ ഞങ്ങളെ തള്ളിക്കളഞ്ഞതിൽ ഏറെ വിഷമമുണ്ടെന്നും ഗുസ്തിതാരം ബ്ജറംഗ് പുനിയ പറഞ്ഞു.

ഞങ്ങൾ എന്തിന് വേണ്ടിയാണ് പോരാടുന്നതെന്ന്



അറിയാം. എന്നാൽ, ഭയപ്പെടുന്നില്ല. ഇനി ഞങ്ങൾക്ക് ഔദ്യോഗിക ജീവിതത്തിന് ശേഷമുള്ള അവസരങ്ങൾ ലഭിക്കില്ലെന്ന് ഉറപ്പായി. ഭാവിയിൽ കോച്ചിങ്ങോ അഡ്മിനിസ്ട്രേഷനോ പോലുള്ള ഔദ്യോഗിക ജീവിതത്തിന് ശേഷമുള്ള അവസരങ്ങൾ ലഭിക്കില്ല. ഞങ്ങളെ കള്ളക്കേസുകളിൽ കുടുക്കുമെന്നും ഞങ്ങൾക്കറിയാം. എന്നാൽ, കാരണം സത്യസന്ധമായതിനാൽ ഞങ്ങൾക്ക് പേടിയില്ല. ഇത് ഗുസ്തി താരങ്ങൾക്ക് വേണ്ടി മാത്രമുള്ള സമരമല്ലെന്നും രാജ്യത്തെ സ്ത്രീകൾക്കും വേണ്ടിയുള്ള സമരമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. രാജ്യത്ത് ഒന്ന് സാധാരണക്കാരനുള്ളതും മറ്റൊന്ന് ബ്രിജ് ഭൂഷണെ പോലുള്ള അധികാരമുള്ളവർക്ക് വേണ്ടിയുള്ളതുമായ നിയമങ്ങൾ നിലവിലുണ്ടെന്നാണ് ഇതിൽ നിന്നും മനസിലാവുന്നതെന്നും അദ്ദേഹം പറഞ്ഞു.

## സംസ്ഥാനത്ത് നാല് ജില്ലകളിൽ ശക്തമായ മഴയ്ക്ക് സാധ്യത

തിരുവനന്തപുരം: സംസ്ഥാനത്ത് വരുന്ന മൂന്നുമണിക്കൂറിൽ ആലപ്പുഴ, എറണാകുളം, തൃശൂർ, കണ്ണൂർ ജില്ലകളിലെ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്കും മണിക്കൂറിൽ 40 കി.മീ വരെ വേഗതയിൽ വീശിയടിച്ചേക്കാവുന്ന ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി.

ഇന്ന് മുതൽ 28 വരെ കേരള ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 40 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥക്കും സാധ്യത.

അടുത്ത രണ്ട് ദിവസങ്ങളിൽ തമിഴ്നാട് തീരത്തും, ഗൾഫ് ഓഫ് മാന്നാർ, കന്യാകുമാരി തീരം, ശ്രീലങ്കൻ തീരത്തോട് ചേർന്നുള്ള തെക്ക് പടിഞ്ഞാറൻ ബംഗാൾ ഉൾക്കടൽ ഭാഗങ്ങളിലും മണിക്കൂറിൽ 40 മുതൽ 45 കിലോമീറ്റർ വരെയും, ചില അവസരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥക്കും സാധ്യതയുള്ളതിനാൽ ഈ ദിവസങ്ങളിൽ ഈ പ്രദേശങ്ങളിലുള്ളവർ മത്സ്യബന്ധനത്തിന് പോകുവാൻ പാടുള്ളതല്ല. മെയ് 29 വരെ സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോട് കൂടിയ മഴയ്ക്കും 30 മുതൽ 40 കി.മീ വരെ വേഗതയിൽ വീശിയേക്കാവുന്ന ശക്തമായ കാറ്റിനും സാദ്ധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.




## പരാതികളും രേഖകളും കഴുത്തിൽ സഞ്ചിയിലാക്കി തൂക്കി പഞ്ചായത്ത് ഓഫിസിൽ മധ്യവയസ്കൻ ജീവനൊടുക്കി

മലപ്പുറം: പരാതികളും രേഖകളും കഴുത്തിൽ സഞ്ചിയിലാക്കി തൂക്കി മലപ്പുറം പുളിക്കൽ പഞ്ചായത്ത് ഓഫിസിൽ മധ്യവയസ്കൻ ജീവനൊടുക്കി. മൊയിൻകുട്ടി വൈദ്യർ സ്മാരക സമിതി മുൻ സെക്രട്ടറി റസാക്ക് പഴംപൊറോട്ട് എന്ന ആളെയാണ് തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തിയത്. ഗ്രാമപഞ്ചായത്തുമായുള്ള തർക്കമാണ് തൂങ്ങി മരണത്തിന് കാരണമെന്ന് നാട്ടുകാർ പറയുന്നു. സ്വകാര്യ വ്യക്തിയുടെ പ്ലാസ്റ്റിക് മാലിന്യ പ്ലാന്റുമായി ഇയാൾ തർക്കത്തിലായിരുന്നു. വിഷയം പരിഹരിക്കാൻ നിരവധി തവണ പരാതി നൽകുകയും സോഷ്യൽ മീഡിയകളിലൂടെ ആവശ്യപ്പെടുകയും ചെയ്തിരുന്നു. എന്നാൽ ഇതിൽ അനുകൂലമായി പരിഹാരം കാണാൻ കഴിഞ്ഞിരുന്നില്ല. കൊണ്ടോട്ടി പോലിസ് സ്ഥലത്തെത്തി നടപടിക്രമങ്ങൾ തുടങ്ങിയിട്ടുണ്ട്.

## ഓടിക്കൊണ്ടിരുന്ന ജീപ്പിന് തീപിടിച്ചു; ആളപായമില്ല

കാഞ്ഞങ്ങാട്: ഓടിക്കൊണ്ടിരുന്ന ജീപ്പിന് തീപിടിച്ചു. ഇന്നലെ വൈകീട്ട് നാലുമണിയോടെ കോട്ടച്ചേരി മേൽപ്പാലത്തിനു സമീപമാണ് സംഭവം. ജീപ്പ് ഓടിച്ചിരുന്ന നിസാമുദ്ദിനും യാത്രക്കാരനായ അബ്ദുൾ സലാമും വാഹനം നിർത്തി പുറത്തേക്ക് ഓടിയതിനാൽ ജീവഹാനിയുണ്ടായില്ല. മില്ലിനു സമീപം എത്തിയപ്പോൾ പെട്ടെന്ന് വാഹനത്തിൽ നിന്നും ശക്തമായ പുക ഉയരുകയായിരുന്നു. ഇരുവരും പുറത്ത് ഇറങ്ങിയതിന് പിന്നാലെ തീ ആളി കത്തി. ഫയർ സ്റ്റേഷൻ ഓഫിസർ പി.വി.പവിത്രന്റെ നേതൃത്വത്തിൽ രണ്ടു യൂണിറ്റ് സേനയെത്തിയാണ് തീയണച്ചത്. സേനാംഗങ്ങളായ പി. രാധാകൃഷ്ണൻ, ഒ.ജി. പ്രഭാകരൻ, ഇ.ടി.മുകേഷ്, എച്ച്. ഉമേശൻ, ജി. ഷിബിൻ, പി.ആർ അനന്തു, വരുൺരാജ്, അതുൽ മോഹൻ, ശരത് ലാൽ, അനീഷ്, ഹോംഗാർഡ് നാരായണൻ, സിവിൽ ഡിഫൻസ് അംഗങ്ങളും നാട്ടുകാരും തീയണക്കൽ പ്രവർത്തനത്തിൽ പങ്കെടുത്തു.




കാഞ്ഞങ്ങാട് ഓടിക്കൊണ്ടിരുന്ന ജീപ്പിലുണ്ടായ തീ അഗ്നിരക്ഷാ സേനാംഗങ്ങൾ അണച്ചപ്പോൾ

# ലൈഫ് മിഷൻ അഴിമതി; എം. ശിവശങ്കറിന്റെ ഇടക്കാല ജാമ്യാപേക്ഷ കോടതി തള്ളി



കൊച്ചി: ലൈഫ് മിഷൻ അഴിമതി കേസിലെ ഒന്നാം പ്രതിയായ എം.ശിവശങ്കറിന് വീണ്ടും തിരിച്ചടി. ഇദ്ദേഹത്തിന്റെ ഇടക്കാല ജാമ്യാപേക്ഷ കോടതി തള്ളി. കൊച്ചിയിലെ വിചാരണ കോടതിയുടേതാണ് നടപടി.

ചികിത്സാർത്ഥമെന്ന് കാരണം പറഞ്ഞാണ് എം. ശിവശങ്കർ വിചാരണ കോടതിയിൽ ജാമ്യാപേക്ഷ സമർപ്പിച്ചത്. ലൈഫ് മിഷൻ കേസിൽ ഒന്നാം പ്രതിയാണ് ശിവശങ്കർ. ഇദ്ദേഹത്തിന്റെ ജാമ്യാപേക്ഷ നിലവിൽ സുപ്രീം കോടതി പരിഗണനയിലാണ്. ജാമ്യ ഉപാധികളിൽ ഇളവ് തേടി യുണിടാക് ഉടമയും കേസിലെ ഏഴാം പ്രതിയുമായ സന്തോഷ് ഈപ്പൻ നൽകിയ ഹർജിയും കോടതി തള്ളി. തന്റെ പാസ്പോർട്ട് വിട്ടുകിട്ടണമെന്നായിരുന്നു സന്തോഷ് ഈപ്പന്റെ ആവശ്യം. വടക്കാഞ്ചേരിയിലെ ലൈഫ് മിഷൻ പദ്ധതിയുമായി തനിക്ക് ബന്ധമില്ലെന്നാണ് ശിവശങ്കർ സുപ്രീം കോടതിയിൽ സമർപ്പിച്ച ജാമ്യാപേക്ഷയിൽ പറയുന്നത്. മുഖ്യമന്ത്രിയെയും കുടുംബാംഗങ്ങളെയും ലക്ഷ്യമിട്ടാണ് ലൈഫ് മിഷൻ കേസ് എന്നും ഹർജിയിൽ ആരോപിക്കുന്നു. ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ നേരിടുകയാണെന്നും അതിനാൽ അടിയന്തിരമായി ഇടക്കാല ജാമ്യം അനുവദിക്കണമെന്നും ഹർജിയിൽ ആവശ്യപ്പെട്ടിരുന്നു. സുപ്രീം കോടതിയിൽ ജസ്റ്റിസ് വി.രാമസുബ്രഹ്മണ്യം, ജസ്റ്റിസ് പങ്കജ് മിത്തൽ എന്നിവരടങ്ങിയ ബെഞ്ചാണ് ഹർജി പരിഗണിക്കുക.

## അരിക്കൊമ്പൻ കുമളിയിലെ ജനവാസ മേഖലയിൽ; ആകാശത്തേക്ക് വെടിയുതിർത്ത് വനംവകുപ്പ്

കുമളി: അരിക്കൊമ്പൻ കുമളിക്കടുത്തുള്ള ജനവാസ മേഖലയിൽ. റോസാപ്പൂക്കണ്ടം ഭാഗത്ത് നൂറ് മീറ്റർ അടുത്താണ് ആന ഇന്നലെ രാത്രിയെത്തിയത്. റേഡിയോ കോളറിൽ നിന്നുള്ള സിഗ്നലിന്റെ അടിസ്ഥാനത്തിൽ സ്ഥലത്തെത്തിയ വനംവകുപ്പ് ഉദ്യോഗസ്ഥർ ആകാശത്തേക്ക് വെടിവെച്ച് ആനയെ കാട്ടിലേക്ക് തുരുത്തി. റോസാപ്പൂക്കണ്ടം ഭാഗത്ത് നിന്ന് ഒന്നര കിലോമീറ്റർ അകലെ മാത്രം വനത്തിനുള്ളിലാണ് നിലവിൽ അരിക്കൊമ്പനുള്ളത്. പലതവണ വെടിവെച്ചതിന് ശേഷമാണ് അരിക്കൊമ്പൻ ജനവാസ മേഖലയിൽ നിന്നും പോകാൻ തയ്യാറായത്. അരിക്കൊമ്പനെ മയക്കുവെടി വച്ച് മാറ്റി പാർപ്പിച്ചതിന് പിന്നാലെ ചക്കക്കൊമ്പൻഡറേയും മറ്റാന കൂട്ടങ്ങളുടേയും ശല്യം വർധിച്ചുവെന്ന് പ്രദേശവാസികൾ പറയുന്നു. അരിക്കൊമ്പനെ മയക്കു വെടിവച്ച് പിടികൂടിയ ചിന്നക്കനാലിനും സിമന്റു പാലത്തിനും ഇടയിലുള്ള യൂക്കാലിത്തോട്ടത്തിൽ നിന്നും കഴിഞ്ഞ ദിവസം വൈകീട്ടും ചക്കക്കൊമ്പനെ കണ്ടെത്തിയിരുന്നു.

# സംസ്ഥാനത്ത് ചിലയിടങ്ങളിൽ ഫയൽ തീർപ്പാക്കൽ യജ്ഞത്തിന് വേണ്ടത്ര വേഗതയുണ്ടായില്ല: മുഖ്യമന്ത്രി






തിരുവനന്തപുരം: സംസ്ഥാനത്ത് ചിലയിടങ്ങളിൽ ഫയൽ തീർപ്പാക്കൽ യജ്ഞത്തിന് വേണ്ടത്ര വേഗതയുണ്ടായില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. എങ്ങനെ അഴിമതി നടത്താമെന്ന് ഡോക്ടറേറ്റ് എടുത്ത ചിലർ സർവീസിലുണ്ടെന്നും മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. കേരളാ മുനിസിപ്പൽ കോർപറേഷൻ സ്റ്റാഫ് യൂണിയൻ സംസ്ഥാന സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. അഴിമതിക്കാരെ തിരുത്തിക്കാൻ മറ്റ് ജീവനക്കാർ ഇടപെടണമെന്ന് മുഖ്യമന്ത്രി പറഞ്ഞു. ജനങ്ങൾ ആവശ്യങ്ങൾക്ക് ഏറ്റവും കൂടുതൽ സമീപിക്കുന്നത് റവന്യൂ, തദ്ദേശ ഓഫിസുകളെയാണ്. അഴിമതിക്കാരെ തിരുത്തിക്കാൻ മറ്റ് ജീവനക്കാർ ഇടപെടണം. അഴിമതിയോട് ഒരു വിട്ടുവീഴ്ചയുമുണ്ടാകില്ല. അവരെ സംരക്ഷിക്കില്ല. സാങ്കേതികമായി കൈക്കൂലി വാങ്ങിയിട്ടില്ലെന്ന് മറ്റുള്ളവർക്ക് പറയാം. എത്രമാത്രം ദുഷ്പേര് ഓഫീസിനും വകുപ്പിനും നാടിനും ഉണ്ടാകുന്നുവെന്ന് കാണണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

## മയക്കുമരുന്ന് കേസ്; അഞ്ചുവർഷത്തേക്ക് പള്ളിയിൽ വിലക്ക്

തിരുവനന്തപുരം: മയക്കുമരുന്ന് വിറ്റു പിടിക്കപ്പെടുന്നവർക്ക് ഇനി മുതൽ അഞ്ചു വർഷത്തേക്ക് പള്ളിയിൽ പ്രവേശനമില്ല. കേരളത്തിലെ പ്രശസ്തമായ മുസ്ലീം തീർത്ഥാടന കേന്ദ്രമായ തിരുവനന്തപുരം ബീമാ പള്ളി കമ്മിറ്റിയുടെതാണ് മാതൃകാപരമായ ഈ തീരുമാനം. കഴിഞ്ഞ ദിവസം ചേർന്ന ജമാഅത്ത് കമ്മറ്റിയാണ് തിരുമാനം എടുത്തത്.

പള്ളിയുടെ മീറ്റിംഗുകളിലൊക്കെ സജീവമായി പങ്കെടുക്കുന്ന മുഹമ്മദ് സിറാജിനെയും അയാളുടെ സുഹൃത്ത് നന്ദുവിനെയും 1.4 കിലോ ഗ്രാം കഞ്ചാവ് കൈവശം വച്ചതിന് പോലിസ് കഴിഞ്ഞ ദിവസം അറസ്റ്റു ചെയ്തിരുന്നു. ഇതോടെയാണ് ഈ മാതൃകാപരമായ തീരുമാനം ജമാ അത്ത് കമ്മിറ്റി കൈക്കൊണ്ടത്.

ബീമാ പള്ളി പരിസരത്ത് നിന്ന് നിരവധി മയക്കുമരുന്ന് കേസുകൾ റിപ്പോർട്ടു ചെയ്യുകയും പിടിക്കപ്പെടുകയും ചെയ്യുന്നത് കൊണ്ടാണ് തങ്ങൾ ഇത്തരം കടുത്ത നടപടികളിലേക്ക് നീങ്ങാൻ കാരണമായതെന്ന് ജമാഅത്ത് കമ്മിറ്റി ജനറൽ സെക്രട്ടറി എം.കെ.എം നിയാസ് ഒരു ദേശീയ മാധ്യമത്തോട് പറഞ്ഞു.




## അവസാനഘട്ട പിരിച്ചുവിടലുകൾ ആരംഭിക്കാൻ ഒരുങ്ങി മെറ്റ

### പിരിച്ചുവിടൽ മൂന്ന് ഘട്ടങ്ങളിലായി

സാൻഫ്രാൻസിസ്കോ: മാറുന്ന വിപണി സാഹചര്യങ്ങൾ കണക്കിലെടുത്ത് നിരവധി തൊഴിലാളികളെ പിരിച്ചുവിട്ട മെറ്റ അവസാനഘട്ട പിരിച്ചുവിടലുകൾ ആരംഭിക്കാൻ ഒരുങ്ങുന്നു. ഏത്ര പേരെ പിരിച്ചുവിടുമെന്ന് പ്രഖ്യാപിച്ചില്ലെങ്കിലും ഏകദേശം 10,000 പേരെ പിരിച്ചുവിടുമെന്നാണ് ട്രേഡ് അനലിസ്റ്റുകളുടെ റിപ്പോർട്ടുകൾ. കമ്പനിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും ചടുലവുമാക്കുന്നതിന്റെ ഭാഗമായാണ് പിരിച്ചുവിടൽ.

കഴിഞ്ഞ ഏപ്രിലിൽ പിരിച്ചുവിടലുകളിൽ ഏകദേശം 4,000 ജീവനക്കാർക്ക് ജോലി നഷ്ടപ്പെട്ടിരുന്നു. പിരിച്ചുവിടൽ പദ്ധതിയുടെ ഭാഗമായി മൂന്ന് ഘട്ടങ്ങളിലായാണ് മെറ്റ പിരിച്ചുവിടൽ നടപടികൾ. കഴിഞ്ഞ നവംബറിൽ തന്നെ കമ്പനി ജോലികൾ വെട്ടിക്കുറയ്ക്കാൻ തുടങ്ങി. 87,000-ത്തിലധികം ജീവനക്കാരുണ്ടായിരുന്നു അന്ന്. ഏപ്രിലിലെ നവംബറിൽ മെറ്റ തൊഴിലാളികളുടെ 13 ശതമാനം അല്ലെങ്കിൽ ഏകദേശം 11,000 ജോലികൾ വെട്ടികുറച്ചിരുന്നു. കൂടാതെ ആദ്യ പാദത്തിൽ നിയമനം മരവിപ്പിക്കുകയും ചെയ്തു. ജീവനക്കാരെ പിരിച്ചുവിട്ടപ്പോൾ തന്നെ മെറ്റ പിരിച്ചുവിടൽ പാക്കേജ് പ്രഖ്യാപിച്ചിരുന്നു. മെറ്റയുടെ ഓഹരികൾ ഈ വർഷം ഏകദേശം 80% ഉയർന്നു, മിഡിൽ മാനേജർമാരെ ഒഴിവാക്കുമെന്ന് മെറ്റ നേരത്തെ വ്യക്തമാക്കിയിരുന്നു. മേൽനോട്ടത്തിന് ഇനി പ്രത്യേകം ആളുകളെ ആവശ്യമില്ലെന്ന് കണ്ടെത്തിയതിനെ തുടർന്നായിരുന്നു ഇത്. പരസ്യ വരുമാനത്തിൽ ഇടിവ് നേരിട്ട കമ്പനിക്ക് 2022-ൽ വാർഷിക വിൽപ്പനയിൽ ഇടിവ് നേരിട്ടിരുന്നു.

# സമാധാനം പുനഃസ്ഥാപിക്കാൻ ചർച്ചകൾക്കായി അമിത്ഷാ മണിപ്പൂരിലേക്ക്



ഇംഫാൽ: മണിപ്പൂരിൽ രണ്ടാമതും സംഘർഷം പൊട്ടിപുറപ്പെട്ട സാഹചര്യത്തിൽ സമാധാന ചർച്ചകൾക്കായി കേന്ദ്ര മന്ത്രി അമിത്ഷാ മണിപ്പൂരിലെത്തും. മെയ് 29ന് മണിപ്പൂരിലെത്തുന്ന അമിത് ഷാ ജൂൺ ഒന്നുവരെ അവിടെ തുടരും. അമിത് ഷാ മേയ്തി, കുകി നേതൃത്വവുമായി ചർച്ചകൾ നടത്തി സ്ഥിതിഗതികൾ വിലയിരുത്തും. നേരത്തെ മണിപ്പൂരിലെ അക്രമസാഹചര്യം കൈകാര്യം ചെയ്തിൽ സംസ്ഥാന സർക്കാരിന് തെറ്റുപറ്റിയെന്ന് കേന്ദ്രം വിലയിരുത്തിയിരുന്നു. എന്നാൽ ആദ്യമായാണ് നേരിട്ട് ഇടപെടൽ നടത്തുന്നത്. മേയ്തി സമുദായത്തെ മണിപ്പൂരിലെ പട്ടികവർഗ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള ശുപാർശ കേന്ദ്രത്തിന് സമർപ്പിക്കാൻ സംസ്ഥാന സർക്കാരിനോട് മാർച്ച് 27-നാണ് മണിപ്പൂർ ഹൈക്കോടതി സിംഗിൾ ബെഞ്ച് ഉത്തരവിട്ടത്. വിഷയം ഹൈക്കോടതിയുടെ പരിഗണനയിലായതിനാൽ ഇടപെടാൻ സുപ്രീംകോടതിയും വിസമ്മതിച്ചിരുന്നു.

മേയ്തി സമുദായത്തിന് പട്ടികവർഗ പദവി നൽകുന്നതുമായി ബന്ധപ്പെട്ട ഹൈക്കോടതി വിധിയാണ് ഏറ്റുമുട്ടലുകളുടെ അടിസ്ഥാനമെന്ന് അമിത് ഷാ പറഞ്ഞു.

ചർച്ചയിലൂടെയും കൂടിക്കാഴ്ചകളിലൂടെയും ഭിന്നത പരിഹരിക്കണമെന്ന് ആസാം സന്ദർശനത്തിനിടെ അമിത് ഷാ ആഹ്വാനം ചെയ്തു. മണിപ്പൂരിൽ നീതി ഉറപ്പാക്കുമെന്ന് അമിത് ഷാ വ്യക്തമാക്കി. അക്രമത്തിന് കാരണക്കാരായവരെ വെറുതെവിടില്ലെന്നും കേന്ദ്ര ആഭ്യന്തരമന്ത്രി പറഞ്ഞു. എന്നാൽ സംസ്ഥാനത്ത് സമാധാനം പുനഃസ്ഥാപിക്കാൻ മണിപ്പൂർ ജനതയ്ക്ക് മാത്രമേ സാധിക്കൂവെന്നും അദ്ദേഹം പറഞ്ഞു. ദിവസങ്ങളുടെ ഇടവേളയ്ക്ക് ശേഷം കഴിഞ്ഞ ദിവസങ്ങളിൽ മണിപ്പൂർ വീണ്ടും സംഘർഷ സാഹചര്യത്തിലേക്ക് മാറിയിരുന്നു .മേയ്തി കുകി വിഭാഗങ്ങൾ തമ്മിലുണ്ടായ സംഘർഷത്തിൽ ബിഷ്ണുപൂർ ജില്ലയിൽ ഒരാൾ കൊല്ലപ്പെടുകയും ചിലർക്ക് പരുക്കേൽക്കുകയും ചെയ്തു. അക്രമങ്ങളുടെ പശ്ചാത്തലത്തിൽ ബിഷ്ണുപൂർ, ഇംഫാൽ ഈസ്റ്റ്, ഇംഫാൽ വെസ്റ്റ് ജില്ലകളിലെ കർഫ്യൂ പുനഃസ്ഥാപിച്ചു. ഒരു വിഭാഗം അക്രമികൾ വീടുകൾക്ക് തീയിട്ടതായും റിപ്പോർട്ടുകളുണ്ടായിരുന്നു.



ഇംഫാലിലെ ന്യൂലമ്പുലെയ്ൻ പ്രദേശത്ത് ഉപേക്ഷിക്കപ്പെട്ട വീടുകൾക്ക് അക്രമക്കാരികൾ തീയിട്ടപ്പോൾ (ഫയൽ ചിത്രം)

മണിപ്പൂരിൽ രണ്ട് വിഭാഗങ്ങൾ തമ്മിലുണ്ടായ ഏറ്റുമുട്ടലിനെത്തുടർന്ന് മെയ് 4 മുതൽ പ്രദേശത്താകെ അക്രമസംഭവങ്ങൾ അരങ്ങേറിയിരുന്നു. ഗോത്രവിഭാഗമായ കുകികൾ മെയ് മൂന്നിന് സംഘടിപ്പിച്ച മാർച്ചാണ് അക്രമസംഭവങ്ങളുടെ തുടക്കം. മേയ്തി വിഭാഗം പട്ടികവർഗ പദവി ആവശ്യപ്പെട്ടതിനെതിരെയായിരുന്നു പ്രതിഷേധം. കുകികളെ സംരക്ഷിത വനമേഖലയിൽ നിന്ന് മാറ്റിപാർപ്പിക്കാനുള്ള സംസ്ഥാന സർക്കാരിന്റെ തീരുമാനം പ്രതിഷേധം ഇരട്ടിയാക്കി.

മുഖ്യമന്ത്രിയായ എൻ. ബിരേൻ സിങിന്റെ നേതൃത്വത്തിലുള്ള സംസ്ഥാന സർക്കാർ ആസൂത്രിതമായി ഗോത്ര വിഭാഗത്തെ വനങ്ങളിൽ നിന്നും നീക്കാൻ ശ്രമിക്കുന്നുവെന്നായിരുന്നു കുകികളുടെ ആരോപണം. ഇംഫാലിലും ചുരാചന്ദ്പൂരിലുമെല്ലാം കുകികൾക്ക് നേരെ വലിയതോതിൽ ആക്രമണങ്ങളുണ്ടായി. വീടുകൾ തീയിടുകയും കൃഷിയിടങ്ങൾ നശിപ്പിക്കുകയും ചെയ്തിരുന്നു. നൂറിലേറെ പേർ കൊല്ലപ്പെടുകയും ചെയ്തു.മണിപ്പൂരിലെ ജനസംഖ്യയിൽ 64 ശതമാനവും മേയ്തികളാണ്. സംസ്ഥാനത്തെ 10 ശതമാനം ഭൂമി ഇവരുടെ കൈവശമാണ്. മലയോരമേഖലകളിൽ ഗോത്ര പദവിയില്ലാത്ത മേയ്തികൾക്ക് ഭൂമി വാങ്ങാൻ അനുവാദമില്ല. അതുകൊണ്ടുതന്നെ പട്ടികവർഗ പദവി ലഭിച്ചാൽ മലയോരമേഖലയിൽ ഭൂമി വാങ്ങാനാകുമെന്ന് അവർ ലക്ഷ്യം വയ്ക്കുന്നു.

# ആറ് മാസത്തിനുള്ളിൽ മാറ്റിയത് 64 ചില്ലുകൾ

## മൈസൂരു – ചെന്നൈ പാതയിൽ വന്ദേഭാരതിനെതിരായി കല്ലേറ് കൂടുന്നു

ചെന്നൈ: ഫ്ളാഗ് ഓഫ് ചെയ്ത് ആറ് മാസത്തിനുള്ളിൽ വന്ദേഭാരത് എക്സ്പ്രസിന് ചില്ലുകൾ മാറ്റിയത് 64 തവണ. മൈസൂരു -ചെന്നൈ പാതയിലെ വന്ദേഭാരത് എക്സ്പ്രസിനു നേരെയുള്ള കല്ലേറിലാണ് ചില്ലുകൾ തകരുന്നത്. 2022 നവംബർ 11നാണ് പാതയിൽ വന്ദേഭാരത് എക്സ്പ്രസ് ഓടിത്തുടങ്ങിയത്. വന്ദേഭാരത് എക്സ്പ്രസിനെതിരായ കല്ലേറ് മറ്റ് ട്രെയിനുകൾക്ക് നേരെയുണ്ടാകുന്ന ആക്രമണവുമായി താരതമ്യം ചെയ്യുമ്പോൾ അധികമാണെന്നാണ് ദക്ഷിണ റെയിൽവേ വിലയിരുത്തുന്നത്.

തമിഴ്നാട്ടിലും കർണാടകയിലും വന്ദേഭാരതിനെതിരേ കല്ലെറിഞ്ഞവരിൽ ഏറിയ പങ്കും പ്രായ പൂർത്തിയാകാത്തവരാണെന്നതാണ് ശ്രദ്ധേയമായ വസ്തുതയെന്നാണ് ദക്ഷിണ റെയിൽവേ വിശദമാക്കുന്നത്. 80 ശതമാനത്തോളം കല്ലേറും നടന്നിട്ടുള്ളത് ബംഗളുരു ഡിവിഷന് കീഴിലാണെന്നും റെയിൽവേ അധികൃതർ വിശദമാക്കുന്നു. ബംഗളൂരു ഡിവിഷന് കീഴിൽ നടന്ന സംഭവങ്ങളിൽ മാത്രമായി 26 വിൻഡോകളാണ് മാറ്റിവയ്ക്കേണ്ടി വന്നിട്ടുള്ളത്. ഇതിൽ തന്നെ 10 സംഭവങ്ങൾ രാമനഗരയ്ക്കും



മാണ്ഡ്യയ്ക്കും ഇടയിലാണ് സംഭവിച്ചിട്ടുള്ളത്. ബാക്കിയുള്ളവ മാലൂരിനും കന്റോൺമെന്റിനും ഇടയിലാണ് സംഭവിച്ചിട്ടുള്ളത്. ജനുവരി ഒന്ന് മുതൽ മെയ് 10 വരെയുള്ള കണക്കുകൾ പരിശോധിച്ചാൽ മറ്റ് ട്രെയിനുകൾക്ക് നേരെയുണ്ടായ റിപ്പോർട്ട് ചെയ്തിട്ടുള്ള കല്ലേറ് സംഭവങ്ങൾ 45 എണ്ണം മാത്രമാണ്. വന്ദേഭാരതിന്റെ അതേ പാതയിൽ സഞ്ചരിക്കുന്ന ശതാബ്ദി എക്സ്പ്രസിന് നേരെ ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്യുന്നത് കുറവാണെന്നും റെയിൽവേ വിശദമാക്കുന്നു. മറ്റ് ട്രെയിനുകളിൽ നിന്ന് വിഭിന്നമായ വിൻഡോകളാണ് വന്ദേഭാരതിനെതിരായ കല്ലേറിന് പ്രോത്സാഹനമെന്ന വിലയിരുത്തലാണ് റെയിൽവേക്കുള്ളത്. ഇത്തരം സംഭവങ്ങളിൽ തമിഴ്നാട്ടിൽ ഇതുവരെ പിടികൂടിയിട്ടുള്ളത് പ്രായപൂർത്തിയാകാത്ത ആൺകുട്ടിയെ മാത്രമാണെന്നും റെയിൽവേ വിശദമാക്കുന്നു. ബംഗളുരു ഡിവിഷന് കീഴിലും പിടിയിലായവരിൽ ഏറിയ പങ്കും 10നും 18നും ഇടയിൽ പ്രായമുള്ളവരാണ്. വന്ദേഭാരതിന്റെ ഒരു ചില്ല് മാത്രം മാറ്റിവയ്ക്കുന്നതിനായി റെയിൽവേയ്ക്ക് ചെലവിടേണ്ടി വരുന്നത് 12,000 രൂപയോളമാണ്. ഇതിന് ലേബർ ചാർജായി 8,000 രൂപയും ആവശ്യമാണ്. 64 ജനലുകൾ ഇതിനോടകം മാറ്റിവയ്ക്കുന്നതിനായി ഇതിനോടകം 12,80,000 രൂപയോളമാണ് ദക്ഷിണ റെയിൽവേ ചെലവിട്ടിരിക്കുന്നത്.

# കെ – ഫോൺ അടുത്ത മാസം നാടിന് സമർപ്പിക്കും: മുഖ്യമന്ത്രി




തിരുവനന്തപുരം: സംസ്ഥാന സർക്കാരിന്റെ പദ്ധതിയായ കേരള ഫൈബർ ഓപ്റ്റിക് നെറ്റ് വർക്ക് (കെ-ഫോൺ) അടുത്ത മാസം നാടിന് സമർപ്പിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കെ-ഫോൺ യാഥാർഥ്യമാകുന്നതോടെ നമ്മുടെ ഇന്റർനെറ്റ് സാന്ദ്രതയിൽ വർധനവുണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു. ഇതോടെ ജനങ്ങൾക്ക് ഓൺലൈൻ സേവനങ്ങൾ കൂടുതലായി പ്രയോജനപ്പെടുത്താം. അങ്ങനെ ജനങ്ങളും സർക്കാരുകളും തമ്മിലുള്ള ബന്ധം കൂടുതൽ ദൃഢമാകും. കേരളം സമ്പൂർണ ഇ-ഗവേണൻസ് സംസ്ഥാനമായതിന്റെ ഔദ്യോഗിക പ്രഖ്യാപനം നടത്തി സംസാരിക്കുകയായിരുന്നു അദ്ദേഹം.

നവകേരള സൃഷ്ടിക്ക് ശക്തമായ അടിത്തറ പാകുന്ന ഒന്നായി സമ്പൂർണ ഇ-ഗവേണൻസ് മാറും. ജനങ്ങൾ സർക്കാർ ഓഫിസുകളിലേക്ക് എന്നതിനു പകരം സർക്കാർ സേവനങ്ങൾ ജനങ്ങളിലേക്ക് എന്നതാണ് സർക്കാർ നയമെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

# രാജ്യത്തെ എല്ലാ റെയിൽവേ സ്റ്റേഷനുകളിലും ഇനി മുതൽ ഒരേ സൈൻ ബോർഡുകൾ




മുംബൈ: രാജ്യത്തെ ട്രെയിൻ യാത്രികർക്ക് യാത്രകൾ സുഗമമാക്കാനും റെയിൽവേ സ്റ്റേഷനുകളിൽ ഒരേ തരത്തിലുള്ള സൈൻ ബോർഡുകൾ ഇന്ത്യൻ റെയിൽവേ ഒരുക്കുന്നു. സുരക്ഷിതവും സൗകര്യപ്രദവും വൃത്തിയുള്ളതുമായ റെയിൽവേ പരിസരം ഒരുക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ച് 1,275 സ്റ്റേഷനുകൾ പുനർവികസിപ്പിച്ചുകൊണ്ടിരിക്കുന്ന അമൃത് ഭാരത് സ്റ്റേഷനുകളുടെ പദ്ധതിയുടെ ഭാഗമാണ് ഈ നീക്കം. യാത്രക്കാർക്ക് എളുപ്പത്തിൽ മനസിലാക്കാവുന്നതും സുസ്ഥിരവുമായ സൈൻ ബോർഡുകൾ ആയിരിക്കും എല്ലാ സ്റ്റേഷനുകളിലും ഉണ്ടാവുക. ഇത് യാത്രയിലെ സൗകര്യം വർധിപ്പിക്കുകയും നിലവാരം ഉയർത്തുകയും ചെയ്യുമെന്ന് റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. യാത്രക്കാർക്ക് റെയിൽവേ സ്റ്റേഷനുകളിൽ മികച്ച യാത്രാനുഭവം നൽകാൻ ഇന്ത്യൻ റെയിൽവേ അക്ഷീണം പ്രയത്നിക്കുകയാണെന്നു പറഞ്ഞ മന്ത്രി, റെയിൽവേ സ്റ്റേഷനുകളിലെ സൈൻ ബോർഡുകളെ കുറിച്ചുള്ള മാർഗനിർദേശങ്ങൾ കഴിഞ്ഞ ദിവസം വിശദീകരിച്ചിരുന്നു. ലളിതമായ ഭാഷ, വ്യക്തമായ ഫോണ്ട്, പെട്ടന്ന് കാണാൻ സാധിക്കുന്ന രീതിയിലുള്ള നിറങ്ങൾ, അനുയോജ്യമായ ചിത്രങ്ങൾ എന്നിവയ്ക്ക് ആയിരിക്കും പുതിയ സൈൻ ബോർഡുകളിൽ ഉൾപ്പെടുത്തുക. ചിഹ്നങ്ങൾ ദിവ്യാംഗ സൗഹൃദമാക്കുന്നതിന് ഊന്നൽ നൽകുന്നതായും അശ്വിനി വൈഷ്ണവ് പറഞ്ഞു സ്റ്റേഷനുകളിലെ സൈൻ ബോർഡുകൾ ആധുനികവും നിലവാരമുള്ളതുമാക്കുമെന്നും അശ്വിനി വൈഷ്ണവ് പറഞ്ഞു. സൈൻ ബോർഡുകളുടെ ക്രമീകരണം ദ്രുതഗതിയിലായിരിക്കും. 88 സ്റ്റേഷനുകളിൽ ജോലികൾ പുരോഗമിക്കുകയാണ്, 1,187 സ്റ്റേഷനുകളുടെ ടെൻഡറിങ്ങും ആസൂത്രണവും നടക്കുന്നുണ്ടെന്ന് റെയിൽവേ മന്ത്രാലയം അറിയിച്ചു.



മൃഗസംരക്ഷണ വകുപ്പിന്റെ സ്റ്റാൾ സന്ദർശിക്കാനെത്തിയ മന്ത്രി എ.കെ ശശീന്ദ്രൻ 'മക്കാവു' പക്ഷിയെ തലോടുന്നു

## എന്റെ കേരളം മൃഗസംരക്ഷണ വകുപ്പ് സ്റ്റാൾ കാണാനെത്തി വനംമന്ത്രി എ.കെ ശശീന്ദ്രനും

തിരുവനന്തപുരം: കനകക്കുന്നിൽ നടക്കുന്ന എന്റെ കേരളം പ്രദർശന വിപണന മേള നാലാം ദിവസത്തിലേക്ക് കടന്നപ്പോൾ മൃഗസംരക്ഷണ വകുപ്പിന്റെ സ്റ്റാൾ പ്രധാന ആകർഷണങ്ങളിൽ ഒന്നായി മാറുന്നു. കേരളത്തിൽ നടപ്പിലാക്കാൻ കഴിയുന്ന, ഗുജറാത്തിൽ അമുൽ വിജയകരമായി നടപ്പിലാക്കിയ ചാണകത്തിൽ നിന്നുള്ള മൂല്യവർധിത ഉൽപ്പന്നങ്ങളുടെ മാതൃകയും സെൽഫി പോയിന്റും കാണികളുടെ മനം കവരും. മേള നാലാം ദിവസത്തിലേക്ക് കടന്നപ്പോൾ മൃഗസംരക്ഷണ വകുപ്പ് സ്റ്റാൾ സന്ദർശിക്കാൻ വനം വകുപ്പ് മന്ത്രി എ.കെ ശശീന്ദ്രൻ എത്തി.

വിദേശികൾ ഉൾപ്പെടെയുള്ളവർക്ക് മുന്നിൽ താരങ്ങളായി അലങ്കാരപക്ഷി-മൃഗാദികൾ മാറിക്കഴിഞ്ഞു. മെക്സിക്കൻ സ്വദേശി ഇഗ്വാനയാണ് കുട്ടികളുടെ ഇഷ്ടതാരം. ഒന്ന് ഞൊടിച്ചാൽ വലിപ്പ ചെറുപ്പമില്ലാതെ കൂടെകൂടുന്ന കുഞ്ഞൻ എലി വർഗ്ഗത്തിൽ പെട്ട ഹെഡ്ജ്ഹോഗ്, ഫാൻസി എലികൾ, ഷോർട്ട് ഹെയർ ഹാംസ്റ്റർ, ഗിർബൽ, അണ്ണാൻ വർഗ്ഗത്തിൽപെട്ട ഷുഗർ ഗ്ലൈഡറുകളെ കാണാനും ഏറെ പേർ എത്തുന്നുണ്ട്. എല്ലാ ദിവസവും വകുപ്പുമായി ബന്ധപ്പെട്ട ക്വിസ് മത്സരവും വിജയികൾക്കുള്ള സമ്മാനങ്ങളും മേളയുടെ ഭാഗമായി നൽകുന്നുണ്ട്.

# ലഹരി വിരുദ്ധ സന്ദേശം; ലഡാക്കിലേക്ക് പോലിസുകാരുടെ ബൈക്ക് റൈഡ്

കോഴിക്കോട്: ലഹരി വിരുദ്ധ സന്ദേശവുമായി രണ്ട് പോലിസ് ഉദ്യോഗസ്ഥർ ലഡാക്കിലേക്ക് പദ്ധതിയിട്ട ബൈക്ക് റൈഡ് പര്യടനം തുടങ്ങി. മൂവാറ്റുപുഴ സ്വദേശികളായ കോതമംഗലം പോലിസ് സ്റ്റേഷൻ എസ്.ഐ എസ്. ശിവകുമാറും വാഴക്കുളം പോലിസ് സ്റ്റേഷൻ സിവിൽ പോലിസ് ഓഫിസർ ഇ.കെ ബിജേഷും ചേർന്നാണ് 50 ദിവസത്തെ ബൈക്ക് റൈഡിന് പദ്ധതിയിട്ടത്. കേരളത്തിലെ ആദ്യത്തെ ലഹരി മുക്ത റോട്ടറി ക്ലബായ കാലിക്കറ്റ് സൈബർ സിറ്റിയുടെ ആഭിമുഖ്യത്തിൽ നടക്കുന്ന ബൈക്ക് റൈഡ്, സൈബർ സിറ്റി പ്രസിഡന്റ് ജലീൽ ഇടത്തിൽ ഫ്ളാഗ് ഓഫ് ചെയ്തു. ഓരോ സംസ്ഥാനങ്ങളിലൂടെ 4000ത്തോളം കിലോമീറ്റർ പിന്നിടുന്ന യാത്രയിലെ ഇടങ്ങളിൽ റൈഡർമാരെ റോട്ടറി ക്ലബ് പ്രവർത്തകർ സ്വീകരിക്കുമെന്ന് ജലീൽ ഇടത്തിൽ പറഞ്ഞു. കോഴിക്കോട് വൈ.എം.സി.എ ഹാളിന് സമീപം നടന്ന ചടങ്ങിൽ



പോലിസുകാരുടെ ലഡാക്കിലേക്കുള്ള ബൈക്ക് റൈഡ്, സൈബർ സിറ്റി പ്രസിഡന്റ് ജലീൽ ഇടത്തിൽ ഫ്ളാഗ് ഓഫ് ചെയ്തപ്പോൾ

റോട്ടറി അസിസ്റ്റന്റ് ഗവർണർ എം.എം ഷാജി മുഖ്യതിഥിയായി. സെക്രട്ടറി എൻ.വി മുഹമ്മദ് യാസിർ, ഷെമീന ജലീൽ , ട്രഷറർ ആർ.കെ രാകേഷ് , സക്കീർ ഹുസൈൻ, സി.എസ് സവീഷ് , കെ.ജെ തോമസ് എന്നിവർ സംസാരിച്ചു.

# 'വെള്ളിമാട്കുന്നിലെ ഗവ.പ്രസ്; ജീവനക്കാരില്ലാത്തതിനാൽ അടച്ചുപൂട്ടാനുള്ള നീക്കം ഉപേക്ഷിക്കണം'

കോഴിക്കോട്: വെള്ളിമാട്കുന്നിലെ ഗവ.പ്രസ് ജീവനക്കാരില്ലാത്തതിനാൽ അടച്ചുപൂട്ടാന്നുള്ള നീക്കം ഉപേക്ഷിക്കണമെന്ന് കേരളാ ഗവ. പ്രസ്സസ് വർക്കേഴ്സ് കോൺഗ്രസ് (ഐ.എൻ-ടി.യു.സി ) സമ്മേളനം ആവശ്യപ്പെട്ടു. മെഡിക്കൽ കോളേജ് ഉൾപ്പടെയുള്ള സർക്കാർ സ്ഥാപനങ്ങളുടെ അടിയന്തിര ജോലികൾ പോലും ചെയ്ത് തീർക്കാൻ മതിയായ ജിവനക്കാരില്ലാത്ത പ്രതിസന്ധിയാണുള്ളത്. സർവിസ് ചെയ്യേണ്ട മെഷിനറികൾ സർവീസ് ചെയ്ത് പ്രവർത്തനക്ഷമമാക്കുക, ആവശ്യമുള്ള ജിവനക്കാരെ നിയമിക്കണമെന്നും സമ്മേളനം ആവശ്യപ്പെട്ടു. ജില്ലാ പ്രസിഡന്റ് കെ.രാജിവ് ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് അഡ്വ. എം.രാജൻ അധ്യക്ഷത വഹിച്ചു. ഐ.എൻ.ടി.യു.സി വർക്കേഴസ് കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി അനിൽ വെമ്പായം, സെക്രട്ടറി അനിൽ കൃഷ്ണ, നാസർ ബാബു വി.എം ഷംസുദ്ദിൻ, എം.മുസ്തഫ, മനോജ് ചെലവൂർ സംസാരിച്ചു.




കേരളാ ഗവ.പ്രസ്സസ് വർക്കേഴ്സ് കോൺഗ്രസ് (ഐ.എൻ.ടി.യു.സി) ജില്ലാ സമ്മേളനം ഐ.എൻ.ടി.യു.സി ജില്ലാ പ്രസിഡന്റ് കെ.രാജീവ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു

പുതിയ ഭാരവാഹികളായി അഡ്വ.എം.രാജൻ (പ്രസിഡന്റ്), മനോജ് ചെലവൂർ (ജന. സെക്രട്ടറി), കെ.ജിതേഷ് (വൈ.പ്രസിഡന്റ്) സിബി മാത്യു (ജോ. സെക്രട്ടറി), സി.രജിത് കുമാർ (ട്രഷറർ), ആർ.സമേഷ് (സംസ്ഥാന കമ്മിറ്റി അംഗം) എന്നിവരെ തിരഞ്ഞെടുത്തു.

## ചാറ്റൽമഴ കൂട്ടായ്മ 'മീറ്റപ്പ് റാന്തൽ – 23' സംഘടിപ്പിച്ചു

കോഴിക്കോട്: തിരുവനന്തപുരം മുതൽ കാസർകോട് വരെയുള്ളവരുടെ വാട്ട്സാപ്പ് കൂട്ടായ്മയായ ചാറ്റൽ മഴ 'മീറ്റപ്പ് റാന്തൽ-23' എന്ന പേരിൽ സംഗമം സംഘടിപ്പിച്ചു. പരിപാടി എം.കെ നിയമത്തുള്ള (സെക്രട്ടറി, ലക്ഷദ്വീപ് കോ-ഓപറേറ്റീവ് മാർക്കറ്റിങ് ഫെഡറേഷൻ, ബേപ്പൂർ) ഉദ്ഘാടനം ചെയ്തു. ചാറ്റൽമഴ ട്രസ്റ്റ് വൈസ് ചെയർമാൻ നന്ദകുമാർ അധ്യക്ഷത വഹിച്ചു. മഹമൂദ് ക്യുമെഡിക്, അഷ്റഫ് ചെങ്ങളായ്, വസന്തൻ എടപ്പാൾ എന്നിവർ ആശംസകൾ നേർന്നു. ചാറ്റൽമഴ ട്രസ്റ്റ് ചെയർമാൻ ബുഷ്റ സി.കെ ഓൺലൈനിലൂടെ സന്ദേശം നൽകി. മെഴുകുതിരി കത്തിക്കലും അനുശോചന പ്രമേയം അവതരിപ്പിക്കലും ബേബി പന്നൂർ നിർവഹിച്ചു.

ഉപഹാരസമർപ്പണവും പൊന്നാടയണിയിക്കലും സക്കറിയ (കാലിക്കറ്റ് കോളേജ്) നിർവഹിച്ചു. അഹമ്മദ് കുട്ടിമാസ്റ്റർ (മുഖ്യ രക്ഷാധികാരി), പി.കെ.പി അഷ്റഫ് (ട്രസ്റ്റ് ട്രഷറർ), റാണി സാർജി (ട്രസ്റ്റ് എക്സിക്യൂട്ടീവ് മെമ്പർ), മാത്യു എം.വി (എക്സിക്യൂട്ടീവ് മെമ്പർ) ഉപഹാരങ്ങൾ ഏറ്റുവാങ്ങി. വനിതാദിന സ്പെഷ്യൽ സ്റ്റാറ്റസിനുള്ള സമ്മാനദാനം മഹമൂദ് കണ്ണൂർ (എം.ഡി, ക്യമെഡിക് ക്ലിനിക്), എ.കെ നിയമത്തുള്ളക്ക് നൽകി നിർവഹിച്ചു. നാസർ മംഗലാട്ട് (ജോ.സെക്രട്ടറി) സ്വാഗതവും റിഷാന നന്ദിയും പറഞ്ഞു. തുടർന്ന് അംഗങ്ങളുടെ വിവിധ കലാപരിപാടികളും അരങ്ങേറി.




തിരുവനന്തപുരം മുതൽ കാസർകോട് വരെയുള്ളവരുടെ വാട്ട്സാപ്പ് കൂട്ടായ്മയായ ചാറ്റൽ മഴ സംഘടിപ്പിച്ച 'മീറ്റപ്പ് റാന്തൽ-23' സംഗമം ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന എം.കെ നിയമത്തുള്ള

## ഫാസിസത്തിനെതിരേ 'ജനതാ മുന്നേറ്റ റാലി' 28ന്

കോഴിക്കോട്: ഫാസിസത്തിനെതിരേ 'ജനതാ മുന്നേറ്റം' എന്ന മുദ്രാവാക്യവുമായി 28ന് എൽ.ജെ.ഡി സംസ്ഥാന കമ്മിറ്റി 'എം.പി വീരേന്ദ്രകുമാർ' അനുസ്മരണ റാലി സംഘടിപ്പിക്കുമെന്ന് സംസ്ഥാന അധ്യക്ഷൻ എം.വി ശ്രേയാംസ് കുമാർ വാർത്താസമ്മേളനത്തിൽ പറഞ്ഞു. വൈകീട്ട് മൂന്നിന് മുതലക്കുളം മൈതാനത്തുനിന്ന് തുടങ്ങുന്ന റാലി കോഴിക്കോട് കടപ്പുറത്ത് സമാപിക്കും. 25000 പ്രവർത്തകർ റാലിയിൽ അണിനിരക്കും. കടപ്പുറത്ത് നടക്കുന്ന പൊതുസമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ബീഹാർ ഉപമുഖ്യമന്ത്രി തേജസ്വി യാദവ്, സംസ്ഥാന വൈദ്യുതി മന്ത്രി കെ.കൃഷ്ണൻകുട്ടി, ആർ.ജെ.ഡി രാജ്യസഭാ ലീഡർ മനോജ് ഝാ തുടങ്ങി രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക മേഖലകളിലെ പ്രമുഖർ റാലിയെ അഭിസംബോധന ചെയ്യും. വാർത്താസമ്മേളനത്തിൽ മനയത്ത് ചന്ദ്രൻ, എം.കെ ഭാസ്കരൻ, വി.കുഞ്ഞാലി, സലീം മടവൂർ, സി.മോയിൻകുട്ടി, പി.കിഷൻ ചന്ദ് എന്നിവർ സംബന്ധിച്ചു.

## സിവിൽ സർവീസ് പരീക്ഷ: തലശ്ശേരി സ്വദേശി റഷീഖിന് 682ാം റാങ്ക്



തലശ്ശേരി: സിവിൽ സർവീസ് പരീക്ഷയിൽ തലശ്ശേരി സ്വദേശി എം.പി റഷീഖിന് 682ാം റാങ്ക്. നാലാമത്തെ പരിശ്രമത്തിലാണ് സിവിൽ സർവീസിൽ വിജയം കരസ്ഥമാക്കാൻ സാധിച്ചത്. തലശ്ശേരി മുബാറക്ക് ഹയർ സെക്കൻഡറി സ്കൂളിൽ പ്ലസ്ടു പഠനത്തിന് ശേഷം കാലിക്കറ്റ് എൻ.ഐ.ടിയിൽ നിന്നും മെക്കാനിക്കൽ എൻജിനീയറിംഗിൽ ബി ടെക് നേടി. തിരുവനന്തപുരം എൻലൈറ്റ് ഐ.എ.എസ് അക്കാദമിയിൽ നിന്നാണ് പരിശീലനം നേടിയത്. ഡൽഹി നോയിഡ ആസ്ഥാനമായുള്ള ഫിസിക്സ് വാല എഡുടെക് യുനീകോണിലാണ് ജോലി ചെയ്യുന്നത്. സിവിൽ സർവീസ് പരീക്ഷയ്ക്ക് ഫിലോസഫിയാണ് ഓപ്ഷണൽ വിഷയമായി തെരഞ്ഞെടുത്തത്. മുഴപ്പിലങ്ങാട് എ.കെ.ജി റോഡിൽ റാണിയാസിൽ എൻ.കെ റഫീഖിന്റെയും എം.പി റസിയയുടെയും മകനാണ്. ഭാര്യ: ഡോ. നൗഫീറ. സഹോദരങ്ങൾ: റഷാദ് (ടാക്സ് ആന്റ് പ്രൊഫഷണൽ അക്കൗണ്ടിംഗ്), റംസി (എൻജിനീയർ, ഖത്തർ), റഫാഹ് (തുർക്കി), റാണിയ (പ്ലസ്ടു വിദ്യാർഥിനി).

## റഫീക് നാമധാരികളുടെ ജില്ലാസമ്മേളനം ജൂലൈ 16ന്

കോഴിക്കോട്: റഫീക് നാമധാരികളുടെ ജില്ലാസമ്മേളനം ജൂലൈ 16ന് കോഴിക്കോട്ടു വച്ച് നടത്തുമെന്ന് ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ പറഞ്ഞു. താൽക്കാലിക കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. താൽക്കാലിക കമ്മിറ്റിയുടെ നേതൃത്വത്തിൽ മെഡിക്കൽ കോളേജിലെ രക്തബാങ്കിലേക്ക് 50 അംഗങ്ങളുടെ രക്തദാനം നടത്തും. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ തണൽ മരങ്ങൾ വച്ച് പിടിപ്പിക്കും. കൂട്ടായ്മയിലെ അംഗങ്ങൾക്കും സമൂഹത്തിലെ നിർധനർക്കും വിദ്യാഭ്യാസ മേഖലയിൽ സഹായമെത്തിക്കും. റഫീക് നാമധാരികളുടെ മക്കൾക്കും പേരമക്കൾക്കും എസ്.എസ്.എൽ.സി, പ്ലസ്ടു വിജയികളായവർക്ക് പ്രോത്സാഹന സമ്മാനം നൽകും. ഗ്രൂപ്പിലേക്ക് ചേരുന്നതിന് 9645190030, 8848914309, 9846774498 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്. വാർത്താസമ്മേളനത്തിൽ റഫീക് പുതിയപാലം, റഫീക് പുന്നോറത്ത്, റഫീക് പേരാമ്പ്ര, റഫീക് എസ്.എം സ്ട്രീറ്റ്, റഫീക് മേച്ചേരി എന്നിവർ പങ്കെടുത്തു.



കവിയും നാടക നടനുമായ സി.പി സുധാകരനെ ഭാരതദേശം എഡിറ്റർ അടിയേരി ഗംഗധരൻ ആദരിച്ചപ്പോൾ

## സി.പി സുധാകരന് കാവ്യ കൈരളി പുരസ്കാരം സമ്മാനിച്ചു

മാഹി: കവിയും നാടക നടനുമായ സി.പി സുധാകരന് ഭാരതദേശം മാസികയുടെ കാവ്യ കൈരളി പുരസ്കാരവും ആദരവും സമർപ്പിച്ചു. ന്യൂമാഹി വ്യാപാരി വ്യവസായി ഏകോപന സമിതി ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ സി. സത്യാനന്ദൻ അധ്യക്ഷത വഹിച്ചു.

മുതിർന്ന മാധ്യമ പ്രവർത്തകൻ ചാലക്കര പുരുഷു ഉദ്ഘാടനം ചെയ്തു. ഭാരതദേശം എഡിറ്റർ അടിയേരി ഗംഗധരൻ ആദര സമർപ്പണം നടത്തി. ന്യൂമാഹി ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അർജ്ജുൻ പവിത്രൻ, സി.എച്ച് പ്രഭാകരൻ, എൻ.വി അജയകുമാർ, പി.കെ.വി സാലിഹ്, എൻ.പി സഗീഷ് സംസാരിച്ചു. സി.പി സുധാകരൻ മറുഭാഷണം നടത്തി. പി.മുഹമ്മദ് താഹിർ സ്വാഗതവും, ആയിരാട്ട് ശശി നന്ദിയും പറഞ്ഞു.

## എം.പി വീരേന്ദ്രകുമാർ അനുസ്മരണം 28ന്

കോഴിക്കോട്: ഓർഗനൈസേഷൻ ഓഫ് സ്മോൾ ന്യൂസ് പേപ്പേഴ്സ് സൊസൈറ്റി (ഒ.എസ്.എൻ.എസ്) സംഘടിപ്പിക്കുന്ന എം.പി വീരേന്ദ്രകുമാർ അനുസ്മരണ സമ്മേളനം 28ന് രാവിലെ 10 മണിക്ക് പി.ആർ.ടി.സി ഓഡിറ്റോറിയത്തിൽ വച്ച് നടക്കും. മന്ത്രി എ.കെ ശശീന്ദ്രൻ ഉദ്ഘാടനം ചെയ്യും. എം.കെ രാഘവൻ എം.പി മുഖ്യാതിഥിയാകും. മാധ്യമപ്രവർത്തകൻ കമാൽ വരദൂർ മുഖ്യപ്രഭാഷണം നടത്തും ഉന്നതമാർക്ക് നേടിയ വിദ്യാർഥികളെ കോർപറേഷൻ പ്രതിപക്ഷ നേതാവ് കെ.സി ശോഭിത ആദരിക്കും.

## ഗുരുധർമ്മ പ്രചരണസഭ ജില്ല നേതൃത്വയോഗം

കോഴിക്കോട്: ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റ് ഗുരുധർമ്മപ്രചരണസഭ കോഴിക്കോട് ജില്ലാ നേതൃത്വയോഗം കാഞ്ഞങ്ങാട് തീർത്ഥങ്കര ശ്രീനാരായണ ആശ്രമ മഠാധിപതി സ്വാമി പ്രേമാനന്ദ ഉദ്ഘാടനം ചെയ്തു. ഗുരുധർമ്മ പ്രചരണസഭ കേന്ദ്ര എക്സിക്യൂട്ടീവ് അംഗം എസ്.ശശാങ്കൻ മുഖ്യപ്രഭാഷണം നടത്തി. ജില്ല പ്രസിഡന്റ് വി.ആർ ഷൈൻ അധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി പി.പി രാമനാഥൻ സംഘടനാ കാര്യങ്ങൾ വിശദീകരിച്ചു. അനൂപ് അർജുൻ, വേലായുധൻ കൊടുവള്ളി, ബാലൻ വെളിപാലത്ത്, കെ.സി രമേഷ് നാരായണൻ തുടങ്ങിയവർ പ്രസംഗിച്ചു.




സി.എഫ്.കെയുടെ വെബ്സൈറ്റ് ഉദ്ഘാടനം മന്ത്രി അഹമ്മദ് ദേവർ കോവിൽ നിർവഹിക്കുന്നു

## സി.എഫ്.കെ വെബ്സൈറ്റ് ഉദ്ഘാടനം ചെയ്തു

കോഴിക്കോട്: കൺസ്യൂമേഴ്സ് ഫെഡറേഷൻ ഓഫ് കേരള (സി.എഫ്.കെ) യുടെ പതിമൂന്നാം സംസ്ഥാന സമ്മേളനം 28 ന് കോഴിക്കോട് വച്ച് നടക്കുന്നതിന്റെ ഭാഗമായി സി.എഫ്.കെയുടെ വെബ്സൈറ്റ് ഉദ്ഘാടനം മന്ത്രി അഹമ്മദ് ദേവർ കോവിൽ നിർവഹിച്ചു. സ്വാഗത സംഘം ചെയർമാൻ പി.അബ്ദുൽ മജീദ് അധ്യക്ഷത വഹിച്ചു. ജനറൽ കൺവീനർ സകരിയ്യ പള്ളിക്കണ്ടി, ട്രഷറർ സന്തോഷ് തുറയൂർ, സി.എഫ്.കെ ഭാരവാഹികളായ കെ.പി.അബ്ദുൽ ലത്തീഫ്, ടി.വി.എം. റിയാസ്, കെ.മുഹമ്മദ് ബഷീർ എന്നിവർ സംസാരിച്ചു.

## 'പുതിയ പാർലമെന്റ് മന്ദിരത്തിന് ഡോ.ബി.ആർ അംബേദ്കറുടെ പേര് നൽകണം'

കോഴിക്കോട്: ഭരണഘടന ശിൽപിയും രാജ്യത്തെ ആദ്യത്തെ നിയമകാര്യ വകുപ്പ് മന്ത്രിയുമായ ഡോ.ബി.ആർ അംബേദ്കറുടെ പേര് പുതിയ പാർലമെന്റ് മന്ദിരത്തിന് നൽകണമെന്നും മന്ദിരം രാഷ്ട്രപതിയെക്കൊണ്ട് ഉദ്ഘാടനം ചെയ്യിപ്പിക്കാൻ കേന്ദ്രസർക്കാർ അടിയന്തിര നടപടി സ്വീകരിക്കണമെന്നും അലയൻസ് ഓഫ് നാഷണൽ എസ്.സി/എസ്.ടി ഓർഗനൈസേഷൻ ഭാരവാഹികൾ വാർത്താസമ്മേളനത്തൽ ആവശ്യപ്പെട്ടു. ഇത് സംബന്ധിച്ച് കേന്ദ്ര ആഭ്യന്ത വകുപ്പ് മന്ത്രാലയത്തിന് അടിയന്തിര നിവേദനവും കമ്മിറ്റി നൽകി. രാജ്യത്തിന്റെ പൊതുഖജനാവിൽ നിന്നും കോടിക്കണക്കിന് രൂപ ഉപയോഗിച്ച് പണിത പാർലമെന്റ് മന്ദിരത്തിന്റെ പേരിൽ ബി.ജെ.പി രാഷ്ട്രീയം കളിക്കരുതെന്നും അടിസ്ഥാന വർഗത്തിൽനിന്നും ഉയർന്നുവന്ന രാജ്യത്തിന്റെ രാഷ്ട്രപതിയെ മന്ദിരത്തിന്റെ ഉദ്ഘാടനത്തിന് വിളിക്കാത്തത് രാജ്യത്തെ ജനങ്ങളോടുള്ള വെല്ലുവിളിയാണെന്നും പട്ടികജാതി ജനതയോട് കാണിക്കുന്ന വിവേചനമാണെന്നും അവർ കൂട്ടിച്ചേർത്തു. വാർത്താസമ്മേളനത്തിൽ പ്രസിഡന്റ് രാമദാസ് വേങ്ങേരി, വൈസ് പ്രസിഡന്റ് കെ.സി ചന്ദ്രൻ, ബീന ഗോപാലൻ എന്നിവർ പങ്കെടുത്തു.



പി.പി അനന്തന്റേയും സി.വിജയന്റേയും അനുസ്മരണ യോഗം ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന ചാലക്കര പുരുഷു

## പി.പി അനന്തനേയും സി.വിജയനേയും അനുസ്മരിച്ചു

മാഹി: സാമൂഹ്യ-സാംസ്കാരിക പ്രവർത്തകരും ചാലക്കര എം.എ.എസ്.എം വായനശാലാ മുൻ പ്രസിഡന്റുമാരായ പി.പി അനന്തനേയും സി.വിജയനേയും ചാലക്കര മുഹമ്മദ് അബ്ദുറഹ്മാൻ ഗ്രാമീണ വായനശാല അനുസ്മരിച്ചു. പ്രസിഡണ്ട് പി.ഗംഗാധരൻ മാസ്റ്ററുടെ അധ്യക്ഷതയിൽ മുതിർന്ന മാധ്യമ പ്രവർത്തകൻ ചാലക്കര പുരുഷു ഉദ്ഘാടനം ചെയ്തു. പി.പി. അനന്തന്റെ ഛായാപടം ഭാര്യ രാജലക്ഷ്മിയും സി. വിജയന്റെ ഛായാപടം ടി.കെ. ഉഷയും അനാച്ഛാദനം ചെയ്തു. കെ.മോഹനനൻ, കീഴന്തൂർ പത്മനാഭൻ, പായറ്റ അരവിന്ദൻ, കെ.പി. ഷംസുദ്ദീൻ സംസാരിച്ചു. സെക്രട്ടറി എം. ശ്രീജയൻ സ്വാഗതവും എം. സദാനന്ദൻ നന്ദിയും പറഞ്ഞു.

## ബി.എസ്.എൻ.എൽ 5ജി ഡിസംബറിൽ




ന്യൂഡൽഹി: അടുത്ത രണ്ടാഴ്ചക്കുള്ളിൽ 200 സൈറ്റുകളിൽ ബി.എസ്.എൻ.എൽ 4ജി സേവനം ലഭ്യമാകുമെന്ന് കേന്ദ്ര ഐടി, കമ്മ്യൂണിക്കേഷൻസ് മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. നവംബർ-ഡിസംബർ മാസത്തോടെ ബി.എസ്.എൻ.എല്ലിന്റെ 4ജി നെറ്റ്‌വർക്ക് 5ജിയിലേക്ക് മാറുമെന്നും മന്ത്രി വ്യക്തമാക്കി. രാജ്യത്ത് വികസിപ്പിച്ചെടുത്ത ടെക്നോളജിയും ഉപകരണങ്ങളുമാണ് 4ജി, 5ജി നെറ്റ്‌വർക്കുകൾക്കായി ബി.എസ്.എൻ.എൽ ഉപയോഗിക്കുന്നത്. 1.23 ലക്ഷത്തിലധികം സൈറ്റുകളിൽ 4ജി നെറ്റ്‌വർക്ക് വിന്യസിക്കുന്നതിനായി ബി.എസ്.എൻ.എൽ ടാറ്റ കൺസൾട്ടൻസി സർവീസസ്, ഐ.ടി.ഐ ലിമിറ്റഡ് കമ്പനികൾക്ക് 19,000 കോടി രൂപയുടെ അഡ്വാൻസ് പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്. മൂന്ന് മാസം നീണ്ട പരീക്ഷണത്തിനു ശേഷമാണ് 200 സൈറ്റുകൾ പ്രവർത്തനക്ഷമമാകുന്നതെന്നും മന്ത്രി അറിയിച്ചു. ഇന്ന് രാജ്യത്ത് ഓരോ മിനിട്ടിലും ഒരു 5ജി സൈറ്റെങ്കിലും ആക്റ്റിവേറ്റ് ചെയ്യുന്നുണ്ടെന്നാണ് റിപ്പോർട്ട്. ഇന്ത്യയിൽ 5ജി ലഭ്യമാകുന്ന രണ്ട് ലക്ഷം സൈറ്റുകൾ എന്ന നാഴികകല്ലാണ് ഇതോടെ മറികടന്നത്. അമേരിക്ക പോലും ഇന്ത്യയിൽ നിർമിച്ച ടെലികോം ടെക്നോളജി ഉപയോഗിക്കാൻ തുടങ്ങിയിട്ടുണ്ട്. അതിവേഗ നെറ്റ്‌വർക്ക് സർവീസുകൾ ഇന്ത്യയുടെ മുഖച്ഛായ മാറ്റും.

## മോദിയെ അംഗീകരിക്കാത്തതിന് കോൺഗ്രസും പ്രതിപക്ഷവും 2024ൽ വലിയ വില നൽകേണ്ടിവരും: അമിത് ഷാ

ന്യൂഡൽഹി: നരേന്ദ്രമോദിയെ പ്രധാനമന്ത്രിയെന്ന നിലയിൽ അംഗീകരിക്കാത്തതിന് കോൺഗ്രസും പ്രതിപക്ഷവും 2024ൽ വലിയ വില നൽകേണ്ടിവരുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ഇന്ത്യ ഒരു ജനാധിപത്യരാജ്യമാണെന്നും നരേന്ദ്രമോദി പ്രധാനമന്ത്രിയാവാൻ വോട്ടുചെയ്ത ജനതയാണ് ഇന്ത്യയിലുള്ളതെന്നും പറഞ്ഞ അമിത്ഷാ, കോൺഗ്രസും ഗാന്ധി കുടുംബവും കഴിഞ്ഞ ഒൻപത് വർഷമായി പ്രധാനമന്ത്രിയെ അംഗീകരിക്കാൻ തയ്യാറായിട്ടില്ലെന്നും വ്യക്തമാക്കി. രാജ്യത്തെ



വലിയ ഒരു വിഭാഗം ജനങ്ങൾ മോദിക്കൊപ്പമുണ്ടെന്ന കാര്യം അംഗീകരിക്കാതെയാണ് പ്രതിപക്ഷ പാർട്ടികൾ പാർലമെന്റ് ഉദ്ഘാടനച്ചടങ്ങ് ബഹിഷ്കരിക്കുന്നതെന്നും ഇതിന് കോൺഗ്രസും മറ്റു പ്രതിപക്ഷ പാർട്ടികളും അടുത്ത ലോക്സഭാ തിരഞ്ഞെടുപ്പിൽ വില നൽകേണ്ടിവരുമെന്ന് അമിത് ഷാ പറഞ്ഞു. അസമിലെ ഗുവാഹത്തിയിലെ പൊതുചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

കോൺഗ്രസ് ചെയ്യുന്നതെന്താണെന്ന് രാജ്യത്തെ ജനങ്ങൾ കാണുന്നുണ്ട്. അടുത്ത തെരഞ്ഞെടുപ്പിൽ മുന്നൂറിലധികം സീറ്റുകൾ നേടി മോദി വീണ്ടും പ്രധാനമന്ത്രിയാവും. കോൺഗ്രസിന് 2019-നെക്കാൾ കുറവ് സീറ്റുകളാണ് ലഭിക്കുക. ബി.ജെ.പി പ്രതിപക്ഷത്തായിരുന്നപ്പോൾ കോൺഗ്രസിനെ ബഹുമാനിക്കുകയും നിർമാണാത്മകമായ പങ്കുവഹിക്കുകയും ചെയ്തിരുന്നെന്നും അമിത്ഷാ പറഞ്ഞു. പുതിയ പാർലമെന്റിന്റെ ഉദ്ഘാടന ചടങ്ങിലേക്ക് രാഷ്ട്രപതിയെയോ ഉപരാഷ്ട്രപതിയെയോ ക്ഷണിക്കാത്തതിൽ കോൺഗ്രസ്, തൃണമൂൽ കോൺഗ്രസ്, എൻ.സി.പി, എ.എ.പി ഉൾപ്പെടെയുള്ള പ്രതിപക്ഷ പാർട്ടികൾ ഉദ്ഘാടനച്ചടങ്ങ് ബഹിഷ്കരിക്കാൻ തീരുമാനിച്ചിരുന്നു. പാർലമെന്റ് ഉദ്ഘാടനം ചെയ്യേണ്ടത് പ്രധാനമന്ത്രിയല്ല, രാഷ്ട്രപതി ദ്രൗപദി മുർമുവാണെന്നാണ് പ്രതിപക്ഷം ആവശ്യപ്പെടുന്നത്. 28നാണ് പുതിയ പാർലമെന്റ് മന്ദിരത്തിന്റെ ഉദ്ഘാടനം. പ്രധാനമന്ത്രി നരേന്ദ്ര മോദിയാണ് ഉദ്ഘാടനം നിർവഹിക്കുക.

## കർണാടക മന്ത്രിസഭാ വികസനം; രണ്ടാം പട്ടികയിൽ ഇന്ന് തീരുമാനം, നാളെ സത്യപ്രതിജ്ഞ

ന്യൂഡൽഹി: കർണാടകയിൽ മന്ത്രിസഭാ വികസനം ഇന്ന് തീരുമാനമെടുക്കുമെന്നും സത്യപ്രതിജ്ഞ നാളെ ആയിരിക്കുമെന്നും കോൺഗ്രസ്. മുഖ്യമന്ത്രിയും ഉപമുഖ്യമന്ത്രിയുമടക്കം 34 മന്ത്രി സ്ഥാനങ്ങളാണ് കർണാടക സർക്കാരിലുള്ളത്. മന്ത്രി സ്ഥാനങ്ങൾക്കു വേണ്ടി മുഖ്യമന്ത്രി സിദ്ധരാമയ്യ, ഉപമുഖ്യമന്ത്രി ഡി.കെ.ശിവകുമാർ വിഭാഗങ്ങൾ അവകാശവാദം തുടരുകയാണ്.

ഈ സന്ദർഭത്തിൽ കർണാടക മന്ത്രിസഭ വികസനവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി സിദ്ധരാമയ്യ, ഉപമുഖ്യമന്ത്രി ഡി.കെ ശിവകുമാർ എന്നിവരുടെ നേതൃത്വത്തിൽ ഡൽഹിയിൽ ഹൈക്കമാൻഡുമായി നടക്കുന്ന ചർച്ചയിൽ 24 പേരുടെ പട്ടിക കൂടി അന്തിമഘട്ടത്തിലുണ്ട്. ആദ്യ ഘട്ടത്തിൽ എട്ടു മന്ത്രിമാരെ തെരഞ്ഞെടുത്തിരുന്നു. തീരുമാനം ഇന്ന് പ്രഖ്യാപിക്കുമെന്നും ശനിയാഴ്ച രാവിലെ 11.45ന് ബംഗളൂരുവിൽ രാജ്ഭവനിൽ ഗവർണർ മുമ്പാകെ സത്യപ്രതിജ്ഞ നടക്കുമെന്നുമാണ് കോൺഗ്രസ് വൃത്തങ്ങൾ നൽകുന്ന സൂചന. ഞായറാഴ്ചക്കുള്ളിൽ മന്ത്രിമാരുടെ വകുപ്പുകളിലും തീരുമാനമാകും.

## കാർത്തികേയൻ കമ്മിറ്റി റിപ്പോർട്ട് പുറത്തുവിടണം: എം.കെ മുനീർ എം.എൽ.എ



കോഴിക്കോട്: എസ്.എസ്.എൽ.സി ഫലം പുറത്തുവന്ന പശ്ചാത്തലത്തിൽ മലബാറിൽ പ്ലസ്‌വണിന് ആവശ്യത്തിന് സീറ്റുകൾ ഇല്ലാത്തതിനാൽ ഈ വിഷയം പഠിച്ച കാർത്തികേയൻ റിപ്പോർട്ട് സർക്കാർ പുറത്തുവിടണമെന്ന് പ്രതിപക്ഷ ഉപനേതാവ് എം.കെ മുനീർ എം.എൽ.എ വാർത്താസമ്മേളനത്തിൽ ആവശ്യപ്പെട്ടു. കാർത്തികേയ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കാൻ സർക്കാർ തയ്യാറുണ്ടോയെന്ന് വ്യക്തമാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

# മുംബൈ–ഗുജറാത്ത് പോരാട്ടം ഇന്ന്




അഹമ്മദാബാദ്: ഐ.പി.എൽ രണ്ടാം ക്വാളിഫയർ മത്സരം ഇന്ന്. നിലവിലെ ചാമ്പ്യൻമാരായ ഗുജറാത്ത് മുൻ ചാമ്പ്യൻമാരായ മുംബൈ ഇന്ത്യൻസിനെ നേരിടുമ്പോൾ മത്സരം തീപാറുമെന്നുറപ്പ്. ആദ്യ ക്വാളിഫയറിൽ ചെന്നൈനോടേ തോൽവി ഏറ്റുവാങ്ങയത് ഗുജറാത്തിനെ ചെറുതല്ലാത്ത സമർദത്തിലാക്കിയുണ്ട്. മറുഭാഗത്ത് എലിമിനേറ്റർ മത്സരത്തിൽ ലഖ്നൗ സൂപ്പർ ജയന്റ്സിനെ തകർത്തെറിഞ്ഞതിന്റെ ആത്മവിശ്വാസത്തിലാണ് മുംബൈ. തുല്യശക്തികളുടെ പോരാട്ടത്തിൽ ജയ-പരാജയങ്ങൾ ആർക്കൊപ്പമെന്ന് പ്രവചിക്കുക ഏറെക്കുറേ പ്രയാസമാണ്. ഈ സീണണിൽ പരസ്പരം കൊമ്പുകോർത്ത രണ്ട് മത്സരങ്ങിളിൽ ഇരു ടീമുകളും ഓരോ വിജയം വീതം സ്വന്തമാക്കി. ഗുജറാത്തിന്റെ ഏറ്റവും വലിയ ആയുധം അവരുടെ ഓപ്പണിങ് ബാറ്റ്സ്മാനായ ശുഭ്മാൻ ഗില്ല് തന്നെയാണ്. എത്ര വലിയ ബൗളറേയും എതിരിട്ട് റൺസ് കണ്ടെത്താനുള്ള ഗില്ലിന്റെ മിടുക്ക് ഗുജറാത്തിന് കരുത്തു തന്നെയാണ്. 15 മത്സരങ്ങളിൽ നിന്ന് 722 റൺസ് നേടിയ ഗില്ലിന്റെ കൈയ്യിൽ തന്നെയാണ് ഓറഞ്ച് ക്യാപ്പും. 104* ആണ് ഗില്ലിന്റെ ഈ സീസണിലെ ഉയർന്ന സ്കോർ. ഏത് ബാറ്റ്സ്മാനേയും വട്ടം കറക്കുന്ന അഫ്ഗാനിസ്ഥാൻ ലെഗ് സ്പിന്നർ റാഷിദ് ഖാൻ ഗുജറാത്തിന്റെ അവിഭാജ്യ ഘടകമാണ്. ബൗളിങ്ങിനോടൊപ്പം ബാറ്റിങ്ങിലും റാഷിദ്ഖാൻ ടീമിനുവേണ്ടി സംഭാവന ചെയ്യുന്നുണ്ട്. കൈവിട്ടു പോയ പല മത്സരങ്ങളും തിരിച്ചു പിടിച്ചത് റാഷിദ് ഖാനാണ്. ഇതുവരെ 25 വിക്കറ്റുകളാണ് റാഷിദ് ഐ.പി.എല്ലിൽ സ്വന്തമാക്കിയത്. ഇക്കോണമി റേറ്റ് ഏഴാണ്. നിലവിൽ പർപ്പിൾ ക്യാപ് ഹോൾഡറും ഗുജറാത്ത് ടീമിൽ തന്നെയാണുള്ളത്. 32കാരനായ മുഹമ്മദ് ഷമി ഇതുവരെ നേടിയത് 26 വിക്കറ്റുകളാണ്. തുടക്കത്തിൽ ടീമിന് ബ്രേക്ക് ത്രൂ നൽകുന്നതിൽ ഷമിക്ക് വളരെയേറെ പങ്കുണ്ട്. ഗുജറാത്തിന്റെ ഏറ്റവും വലിയ തലവേദന ക്യാപ്റ്റൻ ഹാർദിക് പാണ്ഡ്യയുടെ ഫോം ഔട്ട് തന്നെയാണ്. 13 മത്സരങ്ങളിൽ നിന്നായി 297 റൺസാണ് ഹാർദിക്കിന്റെ സമ്പാദ്യം. സ്ഥിരതയാർന്ന പ്രകടനമില്ല. ബൗളിങ്ങിലും ഇത്തവണ തിളങ്ങാനായില്ല. മറുഭാഗത്ത് തങ്ങളുടെ ആറാം കിരീടത്തിനായി കച്ചക്കെട്ടിയിറങ്ങുന്ന മുംബൈയുടെ പ്രതീക്ഷകളെ വാനോളം ഉയർത്തുന്നത് സൂര്യകുമാർ യാദവാണ്. 15 മത്സരങ്ങളിൽ നിന്ന് 544 റൺസാണ് സൂര്യ ഇതുവരെ നേടിയത്. ഉയർന്ന സ്കോർ 103* ആണ്. ഏത് ബൗളറേയും അനായാസമായി നേരിടാനും ബുദ്ധുമുട്ടേറിയ ഏത് ഷോർട്ടും കളിക്കാനുള്ള അസാമാന്യമായ വൈഭവം അയാൾക്കുണ്ട്. സൂര്യയോടൊപ്പം കാമറൂൺ ഗ്രീനും ഇഷാൻ കിഷൻ, തിലക് വർമയും ചേരുന്നതോടെ മുംബൈ ബാറ്റിങ് സെറ്റാണ്. ബൗളിങ്ങിൽ ഇത്തവണത്തെ പുത്തൻ താരോദയം ആകാശ് മധ്‌വാളിൽ മുംബൈ ഏറെ പ്രതിക്ഷ നൽകുന്നുണ്ട്. ഒപ്പം 21 വിക്കറ്റുമായി സ്ഥിരതയോടു കൂടി പന്തെറിയുന്ന പീയൂഷ് ചൗളയും മുംബൈയുടെ ബലമാണ്. ക്യാപ്റ്റൻ രോഹിത് ശരമയുടെ സ്ഥിരയില്ലായ്മയാണ് മുംബൈയെ വലയ്ക്കുന്നത്. 14 മത്സരങ്ങളിൽ നിന്നായി ഇതുവരെ രോഹിത്തിന് നേടാനായത് 324 റൺസ് മാത്രമാണ്. നരേന്ദ്ര മോദി സ്റ്റേഡിയത്തിൽ രാത്രി 7.30 ആരംഭിക്കുന്ന മത്സരത്തിൽ ഹോം ഗ്രൗണ്ടിന്റെ ആനുകൂല്യം ഗുജറാത്തിനാണെങ്കിലും തോൽക്കാതിരിക്കാൻ മുംബൈ ശ്രമിക്കുമെന്നതുറപ്പാണ്.

## യു.ഡി.എ മലയാള നാടക ഗാനമേള ഇന്ന്

കോഴിക്കോട്: യുണൈറ്റഡ് ഡ്രാമാറ്റിക് അക്കാദമി (യു.ഡി.എ) സംഘടിപ്പിക്കുന്ന മലയാള നാടക ഗാനമേള ഇന്ന് വൈകീട്ട് 5.30ന് ടൗൺ ഹാളിൽ നടക്കും. അന്തരിച്ച പ്രമുഖ നടനും യു.ഡി.എ പ്രസിഡന്റുമായിരുന്ന മാമുക്കോയയുടെ സ്മരണാർഥമാണ് മലയാള നാടക ഗാനമേള സംഘടിപ്പിക്കുന്നത്. പരിപാടി മേയർ ബീന ഫിലിപ് ഉദ്ഘാടനം ചെയ്യും. യു.ഡി.എ രക്ഷാധികാരി പി.വി ഗംഗാധരൻ മുഖ്യാതിഥിയാകും. പ്രശസ്ത ഗായകൻ വി.ടി മുരളിയുടെ നേതൃത്വത്തിലാണ് ഗാനമേള അരങ്ങേറുന്നത്. യു.ഡി.എ പ്രസിഡന്റ് ഡോ.മൊയ്തു അധ്യക്ഷത വഹിക്കും. ജനറൽ സെക്രട്ടറി എം.ഷാഹുൽ ഹമീദ് സ്വാഗതം പറയും. പുരസ്കാരം സമർപ്പണം ജീവകാരുണ്യ പ്രവർത്തകൻ ശ്രീകുമാർ കോർമത്ത് നിർവഹിക്കും. പ്രശസ്തിപത്ര പാരായണം യു.ഡി.എ സെക്രട്ടറി സി.രമേശനും പ്രശസ്തിപത്ര സമർപ്പണം യു.ഡി.എ ട്രഷറർ സുദർശൻ ബാലനും പൊന്നാടയണിയിക്കൽ മുൻ ജനറൽ സെക്രട്ടറി എസ്.എ അബൂബക്കറും നിർവഹിക്കും. വി.പി മാധവൻ നമ്പ്യാർ (മുരളി ഫിലിംസ്), അഡ്വ.എം.രാജൻ (ജനറൽ കൺവീനർ യു.ഡി.എ), കെ.പി അബൂബക്കർ (വൈസ് പ്രസിഡന്റ് യു.ഡി.എ), ടി.പി വാസു (മുൻ ജന. സെക്രട്ടറി യു.ഡി.എ) ആശംസകൾ നേരും. ചടങ്ങിൽ കെ.എസ് വെങ്കിടാചലത്തെ ആദരിക്കുകയും വിജയൻ കാരന്തൂരിന് കെ.വി ശേഷയ്യരുടെ സ്മരണാർഥം ഏർപ്പെടുത്തിയ പുരസ്കാരം സമ്മാനിക്കും. യു.ഡി.എ സെക്രട്ടറി പുത്തൂർമഠം ചന്ദ്രൻ നന്ദി പറയും.



30ാമത് സ്വദേശി സയൻസ് കോൺഗ്രസ് ഉദ്ഘാടന ചടങ്ങിൽ നിന്ന്

## 30ാമത് സ്വദേശി ശാസ്ത്ര കോൺഗ്രസ് എൻ.ഐ.ടി.സിയിൽ ആരംഭിച്ചു

കോഴിക്കോട്: ശാസ്ത്ര-സാങ്കേതിക രംഗത്ത് പ്രകടമായ മാറ്റങ്ങൾ സമീപ വർഷങ്ങളിൽ കാണാൻ കഴിഞ്ഞതായി 30ാമത് സ്വദേശി സയൻസ് കോൺഗ്രസ് ഉദ്ഘാടനം ചെയ്തുകൊണ്ട് ഇന്ത്യൻ ഗവൺമെന്റിന്റെ ശാസ്ത്ര സാങ്കേതിക വകുപ്പ് സെക്രട്ടറി ഡോ. ചന്ദ്രശേഖർ പറഞ്ഞു. ശാസ്ത്രത്തിന്റെ ഏതെങ്കിലും ശാഖയിൽ ഗവേഷണം നടത്തുന്നതിന് ഇന്ത്യൻ തത്വചിന്തയിൽ അന്തർലീനമായ സുസ്ഥിരത ആശയങ്ങൾ കൊണ്ടുവരാനും അത്തരം മാതൃകകൾ പഠിക്കാൻ മറ്റ് രാജ്യങ്ങളെ ഇന്ത്യയിലേക്ക് ആകർഷിക്കാനും അദ്ദേഹം ശാസ്ത്രജ്ഞരോട് ആഹ്വാനം ചെയ്തു. എൻ.ഐ.ടി.സി ഡയരക്ടർ ഡോ. പ്രസാദ് കൃഷ്ണ, കോഴിക്കോട് ഐ.ഐ.എം ഡയരക്ടർ ഡോ. ദേബാഷിസ് ചാറ്റർജി എന്നിവർ ഫോക്കൽ തീം: 'സുസ്ഥിര ജീവിതശൈലിക്ക് സമഗ്രമായ സമീപനം

ഇന്ത്യൻ വിജ്ഞാന വ്യവസ്ഥയിൽ നിന്നുള്ള കാഴ്ചപ്പാടുകൾ ' എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തി.

പരമേശ്വർ .ജി അനുസ്മരണ പ്രഭാഷണം എൻ.ഐ.ടി.സി ഡയരക്ടർ ഡോ.പ്രസാദ് കൃഷ്ണൻ നിർവഹിച്ചു. എൻ.ഐ.ടി.സി ഡോ. എ.സുജിത്ത് 'സർ സി.വി രാമൻ അനുസ്മരണ പ്രഭാഷണം' നടത്തി. സ്വദേശി ശാസ്ത്ര പ്രസ്ഥാനം കേരള പ്രസിഡന്റ് ഡോ.കെ.മുരളീധരൻ അധ്യക്ഷത വഹിച്ചു. എൻ.ഐ.ടി.സിയിലെ ഇന്ത്യൻ നോളജ് സിസ്റ്റം പ്രൊഫസർ സി.ശ്രീധരൻ സ്വാഗതവും എൻ.ഐ.ടി.സി ഡോ. ആഷിസ് അവസ്തി നന്ദിയും പറഞ്ഞു. വിവേകാനന്ദ പൈ, ദേശീയ സെക്രട്ടറി വിജ്ഞാന ഭാരതി, ഡോ.എ.ആർ.എസ് മേനോൻ, രാജീവ് നായർ (സ്വദേശി സയൻസ് മൂവ്മെന്റ് കേരള), ഡോ. ശ്യാമസുന്ദര .എം (രജിസ്ട്രാർ, എൻ.ഐ.ടി.സി) എന്നിവർ സംസാരിച്ചു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 250ലധികം പ്രതിനിധികൾ മൂന്ന് ദിവസത്തെ കോൺഗ്രസിൽ പങ്കെടുക്കുന്നുണ്ട്.

## രാഷ്ട്രീയ ജനതാദൾ ലീഡേഴ്സ് മീറ്റ് കോഴിക്കോട് തേജസ്വി യാദവ് ഉദ്ഘാടനം ചെയ്യും

കോട്ടയം: രാഷ്ട്രീയ ജനതാദൾ (ആർ.ജെ.ഡി) ലീഡേഴ്സ് മീറ്റ് 27,28 തിയതികളിൽ കോഴിക്കോട് മലബാർ പാലസിൽ നടക്കും. രാവിലെ 10.30ന് ബിഹാർ ഉപ മുഖ്യമന്ത്രി തേജസ്വി യാദവ് ലീഡേഴ്സ് മീറ്റ് ഉദ്ഘാടനം ചെയ്യും.

രാഷ്ട്രീയ ജനതാദൾ സംസ്ഥാന പ്രസിഡന്റ് അഡ്വ. ജോൺ ജോൺ അധ്യക്ഷത വഹിക്കും. രാഷ്ട്രീയ ജനതാദൾ ദേശീയ ജനറൽ സെക്രട്ടറി അനു ചാക്കോ, സെക്രട്ടറിമാരായ സന്തോഷ് ജസ്വാൾ, സഞ്ജയ് യാദവ് തുടങ്ങിയവർ മീറ്റിൽ പങ്കെടുക്കുമെന്ന് കോട്ടയം ജില്ലാ പ്രസിഡന്റ് മാന്നാനം സുരേഷ് അറിയിച്ചു. വിശാല മതേതര പ്രതിപക്ഷ ഐക്യം രൂപീകരിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്നും ദേശീയ പാർട്ടികൾ ഇതിന് വിട്ടുവീഴ്ചകൾക്ക് തയ്യാറാകണമെന്നും രാഷ്ട്രീയ ജനതാദൾ കോട്ടയം ജില്ലാ പ്രസിഡന്റ് മാന്നാനം സുരേഷ് പ്രസ്താവിച്ചു.


കൈകൾ കോർത്ത് കരുത്തോടെ 2ാം പിണറായി സർക്കാർ വാർഷികം



പട്ടികവർഗ്ഗ ക്ഷേമത്തിനായി കേരളത്തിന്റെ

ട്രൈബൽ പ്ലസ് പദ്ധതി

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ കൂടി ഉറപ്പാക്കുന്ന

സംസ്ഥാന സർക്കാരിന്റെ ട്രൈബൽ പ്ലസ് പദ്ധതിയിൽ പത്ത് ലക്ഷം തൊഴിൽ ദിനങ്ങളുടെ

പൂർത്തീകരണ പ്രഖ്യാപനം

എം ബി രാജേഷ്
തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി

2023 മേയ് 26 വൈകിട്ട് 3 ന്
അഗളി, അട്ടപ്പാടി പാലക്കാട് ജില്ല

സ്വയം സഹായ സംഘങ്ങൾക്കായി നിർമ്മിച്ച 50 വർക്ക് ഷെഡുകളുടെ ഉദ്ഘാടനവും ചടങ്ങിൽ നിർവ്വഹിക്കുന്നു



പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 200 തൊഴിൽ ദിനങ്ങൾ ഉറപ്പാക്കുന്ന ട്രൈബൽ പ്ലസ് പദ്ധതി രാജ്യത്ത് ആദ്യമായി നടപ്പാക്കിയത് കേരള സർക്കാർ

| | | |
|---|---|---|
| 2018-19 | - | 450909 |
| 2019-20 | - | 361090 |
| 2020-21 | - | 1227583 |
| 2021-22 | - | 1322434 |
| 2022-23 | - | 1182527 |

തൊഴിൽ ദിനങ്ങൾ

പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് തൊഴിൽ നൽകുന്നതിൽ
സംസ്ഥാന ശരാശരി 86%
ദേശീയ ശരാശരി 52%
100 തൊഴിൽ ലഭിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളുടെ
സംസ്ഥാന ശരാശരി 39%
ദേശീയ ശരാശരി 8%



കേരള സർക്കാർ
തദ്ദേശ സ്വയംഭരണ വകുപ്പ്
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
G20
എന്റെ കേരളം എന്റെ അഭിമാനം
STAY SAFE ONLINE


RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.